# അക്രഡിറ്റഡ് ഏജൻസികളും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും

## ഏകീകൃത മാർഗ്ഗരേഖ

സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021

അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക,
അക്രഡിറ്റേഷൻ നടപടിക്രമങ്ങൾ,
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ
എൻ.ജി.ഒ നയം, അനുബന്ധ ഉത്തരവുകൾ എന്നിവ ഉൾപ്പെടെ
(15-01-2023 വരെയുള്ള ഭേദഗതികൾ സഹിതം)




കൈപ്പുസ്തകം

## ഭാഗം-II - രണ്ടാം പതിപ്പ്

(സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയത്)

*തയ്യാറാക്കിയത്*

*സി.എസ്.സന്തോഷ്*

സമർപ്പണം .......

*കെ.എസ്.എ.ഡി യിൽ നിന്നും*

*ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചതിനുശേഷം*

*വിശ്രമ ജീവിതം നയിക്കുന്നതിനിടയിൽ*

*ഓർക്കാപ്പുറത്ത് മരണം തട്ടിയെടുത്ത*

*പ്രിയപ്പെട്ട നടരാജൻ സാറിന്.....*

## മുഖവുര

*അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2014 ൽ പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് അനേകം ഭേദഗതികൾ പുറപ്പെടുവിച്ചതിനെത്തുടർന്നുണ്ടായ അവ്യക്തത ഒഴിവാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികൾക്കായി 2021 ൽ ഒരു ഏകീകൃത മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ച സാഹചര്യത്തിലാണ് കൈപ്പുസ്തകത്തിന്റെ രണ്ടാം ഭാഗം തയ്യാറാക്കിയിട്ടുള്ളത്. ഏകീകൃത മാർഗ്ഗരേഖയുടെ നാളിതുവരെയുള്ള ഭേദഗതികൾ സഹിതമുള്ള പൂർണ്ണ രൂപത്തിനു പുറമേ അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടികയും അനുബന്ധ ഉത്തരവുകളും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അക്രഡിറ്റേഷൻ മാർഗ്ഗരേഖയും(എൻ.ജി.ഒ നയം) അനുബന്ധ ഉത്തരവുകളും രണ്ടാം ഭാഗത്തിന്റെ രണ്ടാം പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൂടി ശ്രദ്ധിച്ച് ഈ വിഷയത്തിലെ അറിവ് കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

*ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകം അല്ലാത്തതിനാൽ അസ്സൽ രേഖകൾ കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

*സ്നേഹാദരങ്ങളോടെ...*

**സി.എസ്.സന്തോഷ്**

തത്തമംഗലം,
22-01-2023

## ഉള്ളടക്കം


| അധ്യായം / ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| **I** | **ആമുഖം** | **5** |
| **II** | **അക്രഡിറ്റഡ് ഏജൻസികളും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും ഏകീകൃത മാർഗ്ഗരേഖ** | **7** |
| 3 | നിർവ്വചനങ്ങൾ | 7 |
| 3.1 | പ്രോജക്ട് മാനേജ്മെന്റ് കൾസൾട്ടന്റ് (PMC) | 7 |
| 3.2 | നോൺ പ്രോജക്ട് മാനേജ്മെന്റ് കൾസൾട്ടന്റ് (Non PMC) | 8 |
| 3.3 | സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ | 9 |
| 3.4 | സർക്കാരിതര അക്രഡിറ്റഡ് ഏജൻസികൾ | 9 |
| 4 | മരാമത്ത് പ്രവൃത്തികളുടെ പട്ടിക | 9 |
| 4.1–4.3 | അക്രഡിറ്റേഷൻ നടപടികൾ | 9 |
| 5.1–5.2 | അക്രഡിറ്റഡ് ഏജൻസികളെ സമീപിക്കേണ്ട സാഹചര്യം | 10 |
| 6.1 | അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കൽ | 11 |
| 7.1–7.2 | പി.എം.സി ചാർജ്ജ്/ സെന്റേജ് ചാർജ്ജ് | 12 |
| 7.3 | കൺസൾട്ടൻസി ചാർജ്ജിന്റെ ഘടകങ്ങൾ | 13 |
| 8.1–8.2 | പരിശോധന, ആസൂത്രണം, രൂപകൽപ്പന, എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ | 14 |
| 8.3 | കരാറുകാരന്റെ ലാഭവിഹിതം(C.P) അനുവദനീയമല്ലാത്ത സാഹചര്യം | 14 |
| 8.4 | സർക്കാർ ഇതര നോൺ പി.എം.സി യുടെ പി.എം.സി ചാർജ്ജിൽ നിന്നും കുറവു ചെയ്യേണ്ട തുക | 14 |
| 9.1–9.2 | സാങ്കേതികാനുമതി (Technical Sanction-TS) | 15 |
| 9.3 | സാങ്കേതികാനുമതി കമ്മിറ്റിയുടെ സാങ്കേതികാനുമതി | 15 |
| 9.4 | സാങ്കേതികാനുമതി സമിതിയെ സഹായിക്കുന്നതിനായി നിയോഗിക്കുന്ന എഞ്ചിനിയറുടെ വേതനം | 16 |
| 9.5 | കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതി | 16 |
| 10.1–10.3 | ടെണ്ടറുകൾ ക്ഷണിക്കലും അംഗീകരിക്കലും | 17 |
| 11 | കരാർ നിർവ്വഹണം (Execution of Agreement) | 18 |

| | | |
|---|---|---|
| 12.1 | സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, കരാർ ബില്ലുകൾ തയ്യാറാക്കലും പാസ്സാക്കലും | 18 |
| 12.2 | സർക്കാരിതര ഏജൻസികളുടെ പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, സംയുക്ത ചെക്ക് മെഷർമെന്റ് | 18 |
| 13.1-13.2 | കരാറുകാർക്ക് തുക അനുവദിക്കൽ/പി.എം.സി ചാർജ്ജ് നൽകൽ | 19 |
| 13.3 | നോൺ പി.എം.സി ക്കുള്ള മുൻകൂർ നൽകൽ | 20 |
| 13.4 | പി.എം.സി/സെന്റേജ് ചാർജ്ജ് അനുവദിക്കൽ | 20 |
| 14.1 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 20 |
| 14.2 | പ്രവൃത്തിക്ക് ഉപകരാർ നൽകൽ | 21 |
| 14.3 | ന്യൂനതാ ബാധ്യതാ കാലയളവ് | 21 |
| 14.4 | പരിശോധനാ അധികാരിയും CTE ക്ക് റിപ്പോർട്ടുകൾ നൽകലും | 22 |



| അനുബന്ധങ്ങൾ | | |
|---|---|---|
| 1 | *അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്ന വിവിധതരം മരാമത്ത് പ്രവൃത്തികൾ* | 24 |
| 2 | *അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക* | 27 |
| 3 | *അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ* | 38 |
| 4 | *മരാമത്ത് പ്രവൃത്തികളുടെ ന്യൂനതകൾക്കുള്ള ബാധ്യതാ കാലയളവ്* | 40 |
| 5 | *അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം)* | 42 |
| 6 | *വിവിധ ഏജൻസികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അക്രഡിറ്റേഷൻ നൽകിയതിന്റെ ഉത്തരവുകൾ* | 49 |

# I
# ആമുഖം

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണച്ചുമതല അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന മാർഗ്ഗരേഖ ജി.ഒ(പി)നം.311/14/ഫിൻ തിയതി 30-07-2014 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗരേഖയ്ക്കു ശേഷം അനേകം ഭേദഗതി ഉത്തരവുകളും പുറപ്പെടുവിക്കുകയുണ്ടായി. സ.ഉ(പി)നം.95/2017/ഫിൻ തിയതി 25-07-2017 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിലും ഏജൻസികൾക്ക് പി.എം.സി/സെന്റേജ് ചാർജ്ജ് അനുവദിക്കുന്നതിലും സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(പി)നം.118/2018/ഫിൻ തിയതി 03-08-2018 പ്രകാരം സെന്റേജ് ചാർജ്ജ്, മുൻകൂർ അനുവദിക്കൽ, കരാർ നൽകുന്നതിനുള്ള വ്യവസ്ഥകൾ, അക്രഡിറ്റഡ് ഏജൻസികൾ മുഖേന സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മുതലായ വിഷയങ്ങളിലും വ്യക്തത വരുത്തുകയുണ്ടായി.

അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുന്നതിലെ അവ്യക്തത ഒഴിവാക്കുന്നതിനായി സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021 പ്രകാരം ഒരു ഏകീകൃത മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്.

- ✓ പി.എം.സി അക്രഡിറ്റഡ് ഏജൻസികളെ ബിഡിംഗിലൂടെ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.എം.സി കൾക്ക് അവർ ഏറ്റെടുക്കുന്ന പ്രവൃത്തി നേരിട്ട് നിർവ്വഹിക്കുവാൻ സാധിക്കുകയില്ല. പ്രവൃത്തി ഏറ്റെടുക്കുന്ന പി.എം.സി, പ്രവൃത്തിയുടെ നിർവ്വഹണത്തിനായി ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ തെരഞ്ഞെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ✓ നോൺ പി.എം.സി കൾക്ക് അവർ ഏറ്റെടുക്കുന്ന പ്രവൃത്തി നേരിട്ട് നിർവ്വഹിക്കാവുന്നതാണ്. ഒരു കോടിയിൽ അധികം അടങ്കൽ ഉണ്ടെങ്കിൽ നോൺ പി.എം.സി കളെ തെരഞ്ഞെടുക്കുന്നതിന് ബിഡിംഗ് ആവശ്യമാണ്.

- ഏജൻസികൾക്കുള്ള പി.എം.സി/സെന്റേജ് ചാർജ്ജ് മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ നിശ്ചിത തവണകളായി മാത്രമാണ് അനുവദിക്കുന്നതെന്നും നോൺ പി.എം.സി യുടെ സെന്റേജ് ചാർജ്ജിൽ നിന്നും മാർഗ്ഗരേഖ പ്രകാരമുള്ള തുക കുറവു ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
- പ്രവൃത്തി നേരിട്ട് നിർവ്വഹണം നടത്തുന്ന നോൺ പി.എം.സി ക്ക് കരാറുകാരുടെ ലാഭവിഹിതം അനുവദനീയമല്ല.
- നോൺ പി.എം.സി ക്ക് മുൻകൂർ തുക അനുവദിക്കുന്നതും തുടർന്ന് ക്രമീകരിക്കുന്നതും മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ, കരാർ ചമയ്ക്കൽ, സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് മുതലായ നടപടിക്രമങ്ങൾ മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
- അക്രെഡിറ്റേഷൻ എടുത്തിട്ടുള്ള മേഖലയിലെ പ്രവൃത്തികൾ മാത്രം അക്രെഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അക്രെഡിറ്റഡ് ഏജൻസികൾക്കായുള്ള ഏകീകൃത മാർഗ്ഗരേഖയുടെ ഭേദഗതികൾ സഹിതമുള്ള പൂർണ്ണരൂപവും അനുബന്ധ ഉത്തരവുകളുമാണ് തുടർന്നുള്ള ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.



# II
# അക്രഡിറ്റഡ് ഏജൻസികളും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവും ഏകീകൃത മാർഗ്ഗരേഖ

- നിലവിലുള്ള സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും പ്രസക്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി **സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021** പ്രകാരം ഏകീകൃത മാർഗ്ഗരേഖ പുറപ്പെടുവിച്ചു.
- അക്രഡിറ്റഡ് ഏജൻസികളുടെ എംപാനലിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന സ.ഉ(പി)നം.107/2016/ഫിൻ തിയതി 27-07-2016[1], കാലകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാവുന്ന അക്രഡിറ്റഡ് ഏജൻസികളുടെ പട്ടിക ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകൾ[2] എന്നിവ ഒഴികെയുള്ള മറ്റെല്ലാ ഉത്തരവുകളേയും ഏകീകൃത മാർഗ്ഗരേഖ ഉല്ലംഘിക്കുന്നതാണ്.

## 3 നിർവ്വചനങ്ങൾ (Definitions)

മരാമത്ത് പ്രവൃത്തികളുടെ ശരിയായ നിർവ്വഹണത്തിനായുള്ള നിർവ്വചനങ്ങൾ താഴെ ചേർക്കുന്നു.

### 3.1. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് (PMC)

പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിന്റെ പ്രവർത്തന പരിധിയിൽ താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്.

---

1 *സ.ഉ(പി)നം.176/2021/ഫിൻ തിയതി 21-12-2021 പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖ പുതുക്കിയിട്ടുണ്ട്.*

2 *സ.ഉ(പി)നം.104/2022/ഫിൻ തിയതി 02-09-2022 പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക പ്രസിദ്ധിപ്പെടുത്തിയിട്ടുണ്ട്.*

- വിശദമായ പരിശോധന(detailed investigation) നടത്തൽ
- രൂപകൽപ്പന (design), ഡ്രോയിംഗ്(drawings) വിശദമായ എസ്റ്റിമേറ്റ്, (detailed estimate) എന്നിവ തയ്യാറാക്കൽ
- അധികാരപരിധിക്കനുസൃതമായ സാങ്കേതികാനുമതി നൽകൽ
- ടെണ്ടർ ക്ഷണിക്കൽ, ടെണ്ടർ വിലയിരുത്തൽ, കരാർ നടപ്പാക്കൽ, മേൽനോട്ടം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്
- ബില്ലുകൾ തയ്യാറാക്കൽ
- സൂക്ഷ്മപരിശോധന നടത്തൽ
- ന്യൂനതാ ബാധ്യതാ കാലയളവിനുള്ളിൽ (defect liability period) പ്രവൃത്തിയുടെ പെർഫോമൻസ് ഉറപ്പാക്കൽ

മുതലാവയ.

- **പി.എം.സി** ആയി അക്രഡിറ്റേഷൻ എടുക്കുന്ന ഏജൻസികൾ ക്ലയന്റ് ഡിപ്പാർട്ട്മെന്റിനെ അറിയിച്ചുകൊണ്ട് സുതാര്യമായ ബിഡിംഗ് നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാർ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

## 3.2 നോൺ പ്രോജക്ട് മാനേജ്മെന്റ് കൾസൽട്ടന്റ് (Non PMC)

സർക്കാർ അക്രഡിറ്റഡ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, കോസ്റ്റ്ഫോർഡ്, ഹാബിറ്റാറ്റ് പോലുള്ള സ്വന്തമായി അടിസ്ഥാന സൗകര്യ വൈദഗ്ദ്ധ്യം, മാനവശേഷി, ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകൾ (Cost effective techniques) മുതലായവ ഉപയോഗിച്ച് നേരിട്ട് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശേഷിയുള്ള ഏജൻസികൾ.

## 3.3 സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ
## Governmental Accredited Agencies

ഭൂരിഭാഗം ഓഹരികളുടേയും ഉടമസ്ഥാവകാശം ഭാരത സർക്കാരിൽ/ കേരള സർക്കാരിൽ/കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കു കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ(PSUs) നിക്ഷിപ്തമായ ഏജൻസികൾ.

## 3.4 സർക്കാരിതര അക്രഡിറ്റഡ് ഏജൻസികൾ
## Non-Governmental Accredited Agencies

കേരള സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ധനകാര്യ വകുപ്പിൽ അക്രഡിറ്റ് ചെയ്യുന്നതുമായ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സർക്കാരിതര ചാരിറ്റബിൾ സംഘടനകളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

## 4. മരാമത്ത് പ്രവൃത്തികളുടെ തരം
## Types of Public Works

വിവിധ തരത്തിലുള്ള മരാമത്ത് പ്രവൃത്തികളുടെ പട്ടിക **അനുബന്ധം-1** ആയി ചേർത്തിട്ടുണ്ട്. അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റേഷൻ നൽകുന്നതാണ്.

## അക്രഡിറ്റേഷൻ നടപടിക്രമങ്ങൾ
## Accreditaion Process

4.1 സംസ്ഥാന സർക്കാർ വകുപ്പുകളിലും ഭാരത സർക്കാരിന്റേയും കേരള സർക്കാരിന്റേയും കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും അവരുടെ നിയുക്ത പ്രവർത്തന മേഖല/ബൈലോ പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള പ്രവർത്തന മേഖലയ്ക്കപ്പുറത്തുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അക്രഡിറ്റേഷൻ ആവശ്യമാണ്.

4.2 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള സർക്കാർ, സർക്കാരിതര എജൻസികളുടെ അക്രഡിറ്റേഷൻ മുകളിൽ നിർവ്വചിച്ചതുപോലെ മാത്രം പരിഗണിക്കുന്നതാണ്.

4.3 നിശ്ചിത സമയപരിധിക്കകം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം) രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റേഷൻ അനുവദിക്കുന്നതും ആയതിൽ സൂചിപ്പിക്കുന്ന കാലയളവുവരെ അക്രഡിറ്റേഷന് സാധുതയുണ്ടായിരിക്കുന്നതുമാണ്.

*അക്രഡിറ്റഡ് ഏജൻസികളുടെ എംപാനലിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്ന സ.ഉ(പി)നം.176/2021/ഫിൻ തിയതി 21-12-2021 അനുബന്ധം-2 ലും സ.ഉ(പി)നം.104/2022/ഫിൻ തിയതി 02-09-2022 പ്രകാരം പുറപ്പെടുവിച്ച അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക അനുബന്ധം-3 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 5. അക്രഡിറ്റഡ് ഏജൻസികളെ സമീപിക്കേണ്ട സാഹചര്യം When to go in for Accredited Agency

5.1 സർക്കാർ അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനം ചെലവ് വഹിക്കുന്നതിനാലും പി.എം.സി ചാർജ്ജിനത്തിൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാത്തതിനാലും സാധാരണ സാഹചര്യങ്ങളിൽ ചുമതലപ്പെട്ട എഞ്ചിനിയറിംഗ് വിഭാഗം അല്ലെങ്കിൽ പൊതു മേഖലാ സ്ഥാപനം മുഖേന മരാമത്ത് പ്രവൃത്തി നടത്താവുന്നതാണ്.

5.2 എന്നിരുന്നാലും, പ്രവൃത്തിയുടെ സവിശേഷ സ്വഭാവം, ഫണ്ടിംഗ് ഏജൻസി നിശ്ചയിക്കുന്ന സമയ പരിധി, ചുമതലപ്പെട്ട ഏജൻസിയുടെ കനത്ത ജോലിഭാരം മുതലായ സാഹചര്യങ്ങളിൽ അക്രഡിറ്റഡ് ഏജൻസിയുടെ സേവനങ്ങൾ ആവശ്യമാണെങ്കിൽ ഭരണ വകുപ്പിന് ക്ഷമതയുള്ള അക്രഡിറ്റഡ് ഏജൻസിയുടെ സേവനങ്ങൾ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി തേടാവുന്നതാണ്.

## 6. അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കൽ
## Selection of Accredited Agency

**സ.ഉ(പി)നം.7/2022/ഫിൻ തിയതി 17-01-2022** പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരമുള്ള ഖണ്ഡിക താഴെ ചേർക്കുന്നു.

### 6.1 പി.എം.സി യെ തെരഞ്ഞെടുക്കൽ [3]

പ്രവൃത്തിയുടെ തരം, സാങ്കേതിക ആവശ്യകത, പി.എം.സി ചാർജ്ജ് മുതലായവയെ ആസ്പദമാക്കി യോഗ്യരായ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ന്യായവും സുതാര്യവുമായ ബിഡിംഗ് നടപടികളിലൂടെ മാത്രം എല്ലാ പി.എം.സികളേയും തെരഞ്ഞെടുക്കേണ്ടതാണ്.

### നോൺ പി.എം.സി യെ തെരഞ്ഞെടുക്കൽ

#### എ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഒരു കോടി രൂപയ്ക്ക് മുകളിൽ

നോൺ പി.എം.സി കളുടെ കാര്യത്തിൽ, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ പ്രവൃത്തിയുടെ തരം, സാങ്കേതിക ആവശ്യകത, പി.എം.സി ചാർജ്ജ് മുതലായവയെ ആസ്പദമാക്കി യോഗ്യരായ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ന്യായവും സുതാര്യവുമായ ബിഡിംഗ് നടപടികളിലൂടെ മാത്രം തെരഞ്ഞെടുക്കേണ്ടതാണ്.

#### ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഒരു കോടി രൂപ വരെ

ബാധകമായ നിരക്കുകളുടെ ഷെഡ്യൂളിനുള്ളിൽ നിന്നുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഭരണ വകുപ്പിന് ഒരു കോടി രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ള അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ മത്സരാധിഷ്ഠിത ബിഡിംഗ്

---

[3] ഭേദഗതിക്കു മുമ്പുള്ള വ്യവസ്ഥ ഇപ്രകാരമായിരുന്നു: *എല്ലാ പി.എം.സി, നോൺ പി.എം.സി സ്ഥാപനങ്ങളുടേയും യോഗ്യതയുള്ള അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും പ്രവൃത്തിയുടെ സ്വഭാവം, സാങ്കേതികമായ ആവശ്യകത, പി.എം.സി ചാർജ്ജുകൾ മുതലായവയ്ക്കനുസൃതമായി ന്യായവും സുതാര്യവുമായ ബിഡിംഗ് നടപടികളിലൂടെ മാത്രം തെരഞ്ഞെക്കേണ്ടതാണ്.*

കൂടാതെ നോൺ പി.എം.സി അക്രഡിറ്റഡ് ഏജൻസിയെ നേരിട്ട് ഏൽപ്പിക്കാവുന്നതാണ്.

- സുതാര്യമായ ബിഡിംഗ് നടപടിയിലൂടെ തെരഞ്ഞെടുക്കുന്ന കരാറുകാർ മുഖേന പ്രവൃത്തിയുടെ നിർവ്വഹണം നടത്തുന്നതിനായി പി.എം.സി ആയാണോ അല്ലെങ്കിൽ ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുന്നതിനുവേണ്ടി നോൺ പി.എം.സി ആയാണോ പ്രവൃത്തി ഏൽപ്പിക്കുന്നതെന്ന് ഭരണ വകുപ്പ് വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

## 7. പി.എം.സി/സെന്റേജ് ചാർജ്ജ്
## PMC Charges/Centage Charges

7.1. അടങ്കൽ തുകയിന്മേൽ(estimated value) അല്ലെങ്കിൽ പ്രവൃത്തി മൂല്യത്തിന്മേൽ(value of work done) അനുവദനീയമായ പരമാവധി പി.എം.സി/സെന്റേജ് ചാർജ്ജ്, ഏതാണോ കുറവ് അത്, താഴെ പറയുന്ന വിശദാംശങ്ങൾ പ്രകാരമുള്ള തുകയുടെ ഉയർന്ന പരിധിയേക്കാൾ കൂടുവാൻ പാടുള്ളതല്ല.

| ക്രമ നം. | പ്രവൃത്തിയുടെ ചെലവ് | പി.എം.സി ചാർജ്ജ് |
|---|---|---|
| i. | 5 കോടി രൂപയും അതിൽ കൂടുതലും ചെലവു വരുന്ന എല്ലാ പ്രവൃത്തികൾക്കും | കുറഞ്ഞത് 30 ലക്ഷം രൂപ എന്നതിനു വിധേയമായി 5% നിരക്കിൽ. |
| ii. | 5 കോടി രൂപയ്ക്കു താഴെയും 3 കോടി രൂപ വരെയും ചെലവു വരുന്ന എല്ലാ പ്രവൃത്തികൾക്കും | കുറഞ്ഞത് 21 ലക്ഷം രൂപ എന്നതിനു വിധേയമായി 6% നിരക്കിൽ. |
| iii. | 3 കോടി രൂപയ്ക്കു താഴെയും ഒരു കോടി രൂപ വരെയും ചെലവു വരുന്ന എല്ലാ പ്രവൃത്തികൾക്കും | കുറഞ്ഞത് 8 ലക്ഷം രൂപ എന്നതിനു വിധേയമായി 7% നിരക്കിൽ. |
| iv. | ഒരു കോടി രൂപയിൽ താഴെയുള്ള എല്ലാ പ്രവൃത്തികൾക്കും | 8% |

7.2 ബിഡിംഗ് നടപടികളിലൂടെയല്ലാതെ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നേരിട്ട് നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ബിഡിംഗ് നടപടി ഒഴിവാക്കുന്നതിനുവേണ്ടി, അടങ്കൽ തുകയുടെ അല്ലെങ്കിൽ പ്രവൃത്തി മൂല്യത്തിന്റെ, ഏതാണോ കുറവ്, അതിന്റെ 0.50% പി.എം.സി ചാർജ്ജിൽ നിന്നും കുറവു വരുത്തേണ്ടതാണ്.

## 7.3 കൺസൽട്ടൻസി ചാർജ്ജിന്റെ ഘടകങ്ങൾ

പി.എം.സി പ്രവൃത്തികളുടെ പരിധിയിൽ ഭാഗികമായി ചുമതലകൾ (part assignments) ഏൽപ്പിക്കുന്നതിനായി വിഭാവനം ചെയ്യുന്ന സന്ദർഭത്തിൽ നൽകാവുന്ന പരമാവധി കൾസൽട്ടൻസി ചാർജ്ജിന്റെ ഘടകങ്ങൾ താഴെ പറയും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | ഘടകങ്ങളുടെ വിശദാംശം | പി.എം.സി @7% | പി.എം.സി @6% | പി.എം.സി @5% |
|---|---|---|---|---|
| 1 | പരിശോധന, ആസൂത്രണം, രൂപകൽപ്പന, ഡ്രോയിംഗുകൾ തയ്യാറാക്കൽ, വിശദമായ എസ്റ്റിമേറ്റുകൾ, ഡി.പി.ആർ | @2% കുറഞ്ഞത് 2 ലക്ഷം | @1.5% കുറഞ്ഞത് 6 ലക്ഷം | @1.5% കുറഞ്ഞത് 7.50 ലക്ഷം |
| 2 | ടെണ്ടർ രേഖകൾ തയ്യാറാക്കൽ, പരസ്യത്തിനുള്ള ചാർജ്ജുകൾ ഉൾപ്പെടെ ടെണ്ടർ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കൽ, ടെണ്ടറുകൾ വിലയിരുത്തൽ, പ്രവൃത്തി ഏൽപ്പിക്കൽ, കരാർ നിർവ്വഹണം | @0.5% കുറഞ്ഞത് 0.50 ലക്ഷം | @0.5% കുറഞ്ഞത് 1.50 ലക്ഷം | @0.5% കുറഞ്ഞത് 2.50 ലക്ഷം |
| 3 | സൂപ്പർവിഷൻ, ഗുണനിലവാര നിയന്ത്രണം, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, കരാർ ബില്ലുകൾ തയ്യാറാക്കലും പാസാക്കലും. | @4.5% കുറഞ്ഞത് 5.50 ലക്ഷം | @4% കുറഞ്ഞത് 13.50 ലക്ഷം | @3% കുറഞ്ഞത് 20 ലക്ഷം |

**കുറിപ്പ്:** *ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്കുള്ള 8% നിരക്കിലുള്ള പി.എം.സി ചാർജ്ജ് ഘടകങ്ങളാക്കുന്നത് അനുവദനീയമല്ല. അത്തരത്തിലുള്ള പ്രവൃത്തികൾ പി.എം.സി പ്രവൃത്തികൾക്കു വേണ്ടി മാത്രം വിഭാവനം ചെയ്ത് പൂർണ്ണമായും ഏൽപ്പിക്കേണ്ടതാണ്.*

## 8. പരിശോധന, ആസൂത്രണം, രൂപകൽപ്പന, എസ്റ്റിമേറ്റുകൾ തയ്യാറാക്കൽ
## Investigation, Planning, Design & Preparation of Estimates

8.1 വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനു മുമ്പ്, വിശദമായ പരിശോധനയും ഘടനകളുടെ ഡിസൈനും ഡ്രോയിംഗുകൾ തയ്യാറാക്കലും നിർവ്വഹിക്കേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കുന്ന ഡിസൈനുകൾ ക്ഷമതയുള്ള സർക്കാർ ഏജൻസി പരിശോധിക്കേണ്ടതും ക്ഷമതയുള്ള ഡിസൈൻ വിംഗ്/ടി.എസ് അധികാരി അംഗീകരിക്കേണ്ടതുമാണ്.

### എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കണം

8.2 CPWD/MoRTH/MoRD സ്പെസിഫിക്കേഷനുകളും ഡാറ്റയും, അതത് സംഗതിപോലെ, ബാധകമായ കോസ്റ്റ് ഇൻഡക്സോടുകൂടി നിലവിലുള്ള DSRഉം അടിസ്ഥാനമാക്കി വിശദമായ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കേണ്ടതാണ്.

### കരാറുകാരന്റെ ലാഭവിഹിതം (Contractors Profit- C.P) അനുവദനീയമല്ലാത്ത സാഹചര്യം

8.3 അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നിർവ്വഹണം നടത്തുന്നതിനു വേണ്ടി നോൺ പി.എം.സി ആയി ഏൽപ്പിക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിന്മേൽ കരാറുകാരുടെ ലാഭവിഹിതം അനുവദനീയമല്ല.

### സർക്കാർ ഇതര നോൺ പി.എം.സി യുടെ പി.എം.സി ചാർജ്ജിൽ നിന്നും കുറവു ചെയ്യേണ്ട തുക

8.4 നേരിട്ടു നിർവ്വഹണം നടത്തുന്നതിനുവേണ്ടി സർക്കാർ ഏജൻസിയല്ലാത്ത ഒരു നോൺ പി.എം.സി ഏജൻസിയെ ഏൽപ്പിക്കുന്ന ഏതൊരു പ്രവൃത്തിയുടേയും കാര്യത്തിൽ, ക്ഷമതയുള്ള സർക്കാർ അധികാരി സാങ്കേതികാനുമതി നൽകേണ്ടതും ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നിയോഗിക്കുന്ന എഞ്ചിനിയർമാർ മെഷർമെന്റും

ചെക്ക്മെഷർമെന്റും നിർവ്വഹിക്കേണ്ടതുമാണ്. അത്തരം സംഗതികളിൽ നോൺ പി.എം.സി ഏജൻസികൾക്ക് അനുവദിക്കുന്ന പി.എം.സി ചാർജ്ജിൽ നിന്നും ഖ. 7.3 ൽ നൽകിയിട്ടുള്ള അനുവദനീയമായ ചാർജ്ജിന്റെ 10% കുറവു ചെയ്യേണ്ടതാണ്.

- ✓ സർക്കാർ പി.എം.സി അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ക്ലയന്റ് എഞ്ചിനിയർ നടത്തുന്ന സംയുക്ത ചെക്ക് മെഷർമെന്റിനു വേണ്ടി പി.എം.സി ചാർജ്ജിൽ കുറവു വരുത്തേണ്ടതില്ല. *(ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ താത്പര്യാർത്ഥമാണ് ക്ലയന്റ് എഞ്ചിനിയറെ നിർദ്ദേശിക്കുന്നത് എന്നതിനാൽ).*

## 9. സാങ്കേതികാനുമതി (Technical Sanction-TS)

9.1 സർക്കാരിതര ഏജൻസികൾ(NGOs) ഏറ്റെടുക്കുന്ന, കോസ്റ്റ് എഫക്റ്റീവ് കെട്ടിട നിർമ്മാണങ്ങൾ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികൾക്ക് ലഭ്യമെങ്കിൽ, ബന്ധപ്പെട്ട എഞ്ചിനിയറിംഗ് വകുപ്പിന്റെ ക്ഷമതയുള്ള അധികാരി സാങ്കേതികാനുമതി നൽകേണ്ടതാണ്.

9.2 അക്രഡിറ്റഡ് സർക്കാർ ഏജൻസികളുടെ ചീഫ് എഞ്ചിനിയർക്ക് 5 കോടി രൂപ വരെ ചെലവു വരുന്ന മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

### സാങ്കേതികാനുമതി കമ്മിറ്റിയുടെ സാങ്കേതികാനുമതി

9.3 ക്ലയന്റ് ഡിപ്പാർട്ട്മെന്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള ക്ഷമതയുള്ള സാങ്കതിക വിദഗ്ദ്ധൻ ഇല്ലാത്ത സാഹചര്യത്തിൽ(സർക്കാരിതര ഏജൻസികൾക്ക്) അല്ലെങ്കിൽ പ്രവൃത്തിയുടെ ചെലവ് 5 കോടി രൂപയിൽ അധികമാണെങ്കിൽ(സർക്കാർ ഏജൻസികൾക്ക്) താഴെ പറയുന്നവർ ഉൾപ്പെടുന്ന സാങ്കേതികാനുമതി കമ്മിറ്റി സാങ്കേതികാനുമതി നൽകേണ്ടതാണ്.

- ഭരണ വകുപ്പിന്റെ സെക്രട്ടറി - ചെയർമാൻ

- അക്രഡിറ്റഡ് ഏജൻസിയുടെ ചീഫ് എഞ്ചിനിയർ/ജനറൽ മാനേജർ - കൺവീനർ
- രണ്ട് സർവിംഗ് എഞ്ചിനിയർമാർ(സർക്കാർ വകുപ്പുകളിലെ/ സർക്കാർ PSU വിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ താഴെയല്ലാത്തവർ)
- ✓ രണ്ട് സർവിംഗ് എഞ്ചിനിയർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മേൽ വ്യവസ്ഥയിൽ ഇളവു വരുത്തിക്കൊണ്ട് ഒരു സർവിംഗ് എഞ്ചി നിയർക്കു പകരം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ താഴെ യല്ലാത്ത പദവിയിൽ നിന്നും വിരമിച്ച ഒരാളെ നിയോഗിക്കാവുന്നതാണ്.

**സാങ്കേതികാനുമതി സമിതിയെ സഹായിക്കുന്നതിനായി നിയോഗിക്കുന്ന എഞ്ചിനിയറുടെ വേതനം**

9.4 എഞ്ചിനിയറിംഗ് വിംഗ് ഇല്ലാത്ത വകുപ്പുകൾക്കു വേണ്ടി സർക്കാർ സാങ്കേതികാനുമതി സമിതിയെ എസ്റ്റിമേറ്റിന്റെ സൂക്ഷ്മ പരിശോധനയിൽ സഹായിക്കുന്നതിനും അക്രഡിറ്റഡ് ഏജൻസിയുമായി ബന്ധപ്പെടുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിരമിച്ച എഞ്ചിനിയർമാരുടെ സേവനം തേടാവുന്നതാണ്. അത്തരത്തിലുള്ള എഞ്ചിനിയർമാർക്കുള്ള വേതനം ഓരോ പ്രവൃത്തിക്കും 35000 രൂപ വീതം അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 0.10%, ഏതാണോ കുറവ് അത് അനുവദിക്കാവുന്നതാണ്.

**9.5 കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള സമിതി**

- ക്ലയന്റ് ഡിപ്പാർട്ട്മെന്റിന്റെ തലവൻ - ചെയർമാൻ
- എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള രണ്ട് സർവിംഗ്/ വിരമിച്ച എഞ്ചിനിയർമാർ
- അക്രഡിറ്റഡ് ഏജൻസിയുടെ ക്ഷമതയുള്ള അധികാരി

അസ്സൽ പ്രൊപ്പോസൽ അനുസരിച്ച്, നിർമ്മാണ പ്രവൃത്തികൾ കോസ്റ്റ് എഫക്റ്റീവ് സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മാത്രമാണ് പൂർത്തീകരിക്കുന്നതെന്ന് അത്തരം ഏജൻസികൾ ഉറപ്പാക്കേണ്ടതാണ്.

## 10. ടെണ്ടറുകൾ ക്ഷണിക്കലും അംഗീകരിക്കലും Call of Tenders and Tender Acceptance

10.1 അക്രഡിറ്റഡ് ഏജൻസിയെ പി.എം.സി ആയി പ്രവൃത്തി ഏൽപ്പിക്കുന്ന സംഗതികളിൽ, ക്ഷമതയുള്ള അധികാരി സാങ്കേതികാനുമതി നൽകിയതിനുശേഷം സർക്കാർ മാനദണ്ഡങ്ങളനുസരിച്ച് ന്യൂസ് പേപ്പറിലൂടെ വ്യാപകമായ പ്രചാരണം നൽകി ഐറ്റം-റേറ്റ് അടിസ്ഥാനത്തിൽ സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ പി.എം.സി പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടതാണ്.

10.2 ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത ഇനങ്ങളുടെ നിരക്ക് എസ്റ്റിമേറ്റഡ് PAC വരെയോ, ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) വരെയോ കുറവു ചെയ്യുന്നതിനുള്ള സാധ്യത ആരായുന്നതിനായി L1 കരാറുകാരനുമായി ചട്ടങ്ങളനുസരിച്ച് നെഗോസിയേഷൻ നടത്തിയതിനുശേഷം L1 കരാറുകാരന്റെ ടെണ്ടർ, അംഗീകരിക്കുവാൻ PMC ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

10.3 DSR+10% ടോളറൻസ് പരിധി അല്ലെങ്കിൽ ലോക്കൽ മാർക്കറ്റ് നിരക്ക്, ഏതാണോ കുറവ്, അതിനുള്ളിലുള്ള L1 കരാറുകാരന്റെ ടെണ്ടർ, ക്ലയന്റ് ഭരണ വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറിയുടെ മുൻകൂർ അനുമതിയോടെ PMC ക്ക് അംഗീകരിക്കുവാൻ സാധിക്കുന്നതാണ്.

- ടെണ്ടർ എക്സസ് അനുവദിക്കുന്നതിനോ, നിലവിലുള്ള DSR ഉം PWD ലോക്കൽ മാർക്കറ്റ് നിരക്കുകളുമായി ബന്ധപ്പെട്ട് ക്വോട്ട് ചെയ്ത തുകയും തമ്മിൽ താരതമ്യപ്പെടുത്തിയുള്ള ന്യായീകരണം അടിസ്ഥാനമാക്കി എസ്റ്റിമേറ്റഡ് PAC യേക്കാൾ അധികരിച്ചുള്ള

കോൺട്രാക്റ്റ് PAC അംഗീകരിക്കുന്നതിനോ സർക്കാരിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്.

## 11. കരാർ നിർവ്വഹണം
## Execution of Agreement

11.1 തെരഞ്ഞെടുക്കപ്പെട്ട കരാറുകാരനുള്ള വർക്ക് ഓർഡർ അക്രഡിറ്റഡ് ഏജൻസി നൽകേണ്ടതാണ്. ക്ലയന്റ് ഡിപ്പാർട്ട്മെന്റ്, പി.എം.സി, കരാറുകാരൻ എന്നിവർ തമ്മിൽ ഓരോ പാർട്ടിയുടേയും കടമകളും ചുമതലകളും ബാധ്യതകളും പ്രവൃത്തിക്കുള്ള തുക അനുവദിക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തി ത്രികക്ഷി ഉടമ്പടി (tripartite agreement) ചമയ്ക്കേണ്ടതാണ്.

## 12. സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, കരാർ ബില്ലുകൾ തയ്യാറാൽ, പാസ്സാക്കൽ
## Supervision, Mesurement, Check measurement, Preparation and Passing of Contract bills

12.1 മരാമത്ത് പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, കരാർ ബില്ലുകൾ തയ്യാറാക്കൽ, പാസ്സാക്കൽ മുതലായവയിൽ 2012 ലെ കേരള PWD മാന്വലിലെ പ്രസക്തമായ വ്യവസ്ഥകൾ സൂക്ഷ്മമായി പാലിക്കുന്നുണ്ടെന്ന് പി.എം.സി ഉറപ്പാക്കേണ്ടതാണ്.

### സർക്കാരിതര ഏജൻസികളുടെ പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, സംയുക്ത ചെക്ക് മെഷർമെന്റ്

12.2 സർക്കാരിതര അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ പ്രവൃത്തിയുടെ സൂപ്പർവിഷനും മെഷർമെന്റിനും സംയുക്ത ചെക്ക് മെഷർമെന്റിനും മതിയായ ക്ഷമതയുള്ള എഞ്ചിനിയർമാരെ താഴെ പറയുന്ന മുൻഗണനാ ക്രമമനുസരിച്ച് ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നിയമിക്കേണ്ടതാണ്.

i) **250 ലക്ഷം രൂപ വരെ ചെലവു വരുന്ന പ്രവൃത്തികൾക്ക്** എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത സർവിംഗ് എഞ്ചിനിയർ/ സർക്കാർ വകുപ്പുകളിലെ സമാന കേഡറിലുള്ളവരും

**250 ലക്ഷം രൂപയിൽ കൂടുതൽ ചെലവു വരുന്ന പ്രവൃത്തികൾക്ക്** സർക്കാർ വകുപ്പുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ/ സമാന കേഡറിലുള്ള എഞ്ചിനിയറും മാത്രം **ചെക്ക് മെഷർമെന്റ്** നടത്തുന്നതിന് യോഗ്യരായിരിക്കുന്നതാണ്.

ii) **250 ലക്ഷം രൂപ വരെ ചെലവു വരുന്ന പ്രവൃത്തികൾക്ക്** സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത സർവിംഗ് എഞ്ചിനിയർ/സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാന കേഡറിലുള്ളവരും **250 ലക്ഷം രൂപയിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക്** സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ/സമാന കേഡറിലുള്ളവരും മാത്രം **ചെക്ക് മെഷർമെന്റ്** നടത്തുന്നതിന് യോഗ്യരായിരിക്കുന്നതാണ്.

iii) **250 ലക്ഷം രൂപ വരെ ചെലവു വരുന്ന പ്രവൃത്തികൾക്ക്** കേന്ദ്ര-സംസ്ഥാന സർക്കാർ എഞ്ചിനിയറിംഗ് വകുപ്പുകളിൽ നിന്നും/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റാങ്കിൽ കുറയാത്ത/സർക്കാർ വകുപ്പുകളിലെ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാന കേഡറിലുള്ള വിരമിച്ച എഞ്ചിനിയറും **250 ലക്ഷത്തിൽ അധികം ചെലവു വരുന്ന പ്രവൃത്തികൾക്ക്** സർക്കാർ വകുപ്പുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ/സർക്കാർ വകുപ്പുകളിലെ/പൊതു മേഖലാ സ്ഥാപനങ്ങളിലെ സമാന കേഡറിലുള്ളവരും മാത്രം ചെക്ക് മെഷർമെന്റ് നടത്തുന്നതിന് യോഗ്യരായിരിക്കുന്നതാണ്.

## 13. കരാറുകാർക്ക് തുക അനുവദിക്കൽ, പി.എം.സി ചാർജ്ജ് നൽകൽ
## Payments to Contractor, Release of PMC Charges

13.1 പി.എം.സിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നേരിട്ട് എല്ലാ തുകകളും കരാറുകാരന് നൽകേണ്ടതാണ്.

13.2 അക്രഡിറ്റഡ് ഏജൻസി നോൺ-പി.എംസി ആയി പ്രവൃത്തി നിർവ്വഹിക്കുകയാണെങ്കിൽ, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നിയമിക്കുന്ന ക്ഷമതയുള്ള എഞ്ചിനിയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, പ്രവൃത്തിയുടെ തുകകൾ നേരിട്ട് അക്രഡിറ്റഡ് ഏജൻസിക്ക് നൽകേണ്ടതാണ്.

## നോൺ പി.എം.സി ക്കുള്ള മുൻകൂർ നൽകൽ
## Advance payments to Non PMC

13.3 അക്രഡിറ്റഡ് ഏജൻസി നോൺ പി.എംസി ആയി പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ മൂല്യത്തിന്റെ (value of work) 20% വരെ മൂൻകൂറായി നൽകാവുന്നതും ആയത് തുടർന്നുള്ള പാർട്ട് ബില്ലുകളിൽ നിന്നും ആനുപാതികമായി കുറവു വരുത്തേണ്ടതുമാണ്.

## പി.എം.സി/സെന്റേജ് ചാർജ്ജ് അനുവദിക്കൽ

13.4 പി.എം.സി/സെന്റേജ് ചാർജ്ജ് അക്രഡിറ്റഡ് ഏജൻസിക്ക് നേരിട്ട് നൽകാവുന്നതാണ്. പി.എം.സി ചാർജ്ജിന്റെ 50% സാങ്കേതികാനുമതി നൽകുന്ന സമയത്ത് നൽകാവുന്നതും ബാക്കി തുക രണ്ടു ഗഡുക്കളായും നൽകാവുന്നതാണ്. ആദ്യ ഗഡു പ്രവൃത്തി മൂല്യത്തിന്റെ 50% പൂർത്തിയായതിനു ശേഷവും രണ്ടാം ഗഡു അവസാന ബിൽ തുക അനവദിച്ചതിനു ശേഷവും നൽകാവുന്നതാണ്.

## 14. സാമാന്യം
## General

### 14.1 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം
### Execution of Public Works

മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്ന എല്ലാ അക്രഡിറ്റഡ് ഏജൻസികളും (പിഎംസി & നോൺ-പിഎംസി) KPWD/CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകളിലേയും സർക്കുലറുകളിലേയും വ്യവസ്ഥകൾ എന്നിവ പിന്തുടരേണ്ടതും ഏറ്റെടുത്ത പ്രോജക്ടുകളോട് പ്രതിബദ്ധത കാണിക്കേണ്ടതുമാണ്.

## സ്റ്റോറുകൾ വാങ്ങുന്നതിനുള്ള വ്യവസ്ഥ
## Procurement of Stores

വാങ്ങലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ, എല്ലാ സ്റ്റോറുകളുടേയും സമാഹരണം സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടായിരിക്കേണ്ടതാണ്.

## 14.2 പ്രവൃത്തിക്ക് ഉപകരാർ നൽകൽ
## Sub letting of work

അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി അല്ലെങ്കിൽ ഭാഗിക പ്രവൃത്തി മറ്റൊരു അക്രഡിറ്റഡ് ഏജൻസിക്ക് കരാറുകാരൻ എന്ന നിലയ്ക്കോ/ പി.എം.സി ആയോ  ഉപകരാർ നൽകുവാൻ പാടുള്ളതല്ല. എന്നിരുന്നാലും, ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ (physical infrastructure) ആവശ്യമായ മണ്ണു പരിശോധന പോലുള്ള സവിശേഷ പ്രവൃത്തികൾക്ക് ക്ലയന്റ് വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മേൽ വ്യവസ്ഥയിൽ ഇളവ് അനുവദിക്കാവുന്നതാണ്.

## 14.3 ന്യൂനതാ ബാധ്യതാ കാലയളവ്
## Defect Liability Period

അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന എല്ലാ വിധത്തിലുമുള്ള മരാമത്ത് പ്രവൃത്തികളുടേയും (സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ്) ഏറ്റവും കുറഞ്ഞ ന്യൂനതാ ബാധ്യതാ കാലയളവ് സ.ഉ(പി)നം.161/2019/ഫിൻ 25-11-2019 ലെ നിബന്ധനകൾ അനുസരിച്ച് നിയന്ത്രിക്കപ്പെടുന്നതാണ്.

സ.ഉ(പി)നം.161/2019/ഫിൻ 25-11-2019 *അനുബന്ധം 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## 14.4 പരിശോധനാ അധികാരിയും CTE ക്ക് റിപ്പോർട്ടുകൾ നൽകലും
## Inspection Authority and submission of reports to CTE

അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ പരിശോധനകളും അന്വേഷണവും നടത്തുന്നതിനും സാങ്കേതികവും കരാർ സംബന്ധവുമായ വിഷയങ്ങളിന്മേൽ ഉപദേശം നൽകുന്നതിനുമുള്ള നിയുക്ത അധികാരി **തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടേറിയേറ്റിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ, ഫിനാൻസ്(ഇൻസ്പെക്ഷൻ വിംഗ്-ടെക്നിക്കൽ) വകുപ്പ്** ആയിരിക്കുന്നതാണ്.

സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തിയുടെ നിർദ്ദിഷ്ട ഇനങ്ങളുടെ പ്രീ മെഷർമെന്റുകൾ നിയുക്ത ചെക്ക് മെഷറിംഗ് അധികാരി മുഖേന നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള സമയത്തിനുള്ളിൽ ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിക്കേണ്ടതാണ്.

സർക്കാരിതര അക്രഡിറ്റഡ് ഏജൻസികളുടെ കാര്യത്തിൽ, ചീഫ് ടെക്നിക്കൽ എക്സാമിനർക്കുള്ള റിപ്പോർട്ട് ക്ലയന്റ് ഡിപ്പാർട്ട്മെന്റ് നിയോഗിക്കുന്ന ക്ഷമതയുള്ള എഞ്ചിനിയർ മുഖേന നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് സമർപ്പിക്കേണ്ടതാണ്.

എല്ലാ അക്രഡിറ്റഡ് ഏജൻസികളുടേയും തലവന്മാർ 5 കോടിയിൽ അധികം ചെലവു വരുന്ന മരാമത്ത് പ്രവൃത്തികളുടെ ത്രൈമാസ പുരോഗതി റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് തുടർന്നുള്ള മാസത്തെ 10-ാം തിയതിക്കുള്ളിൽ ഇ-മെയിൽ ആയി സമർപ്പിക്കേണ്ടതാണ്.

വിലാസം താഴെ ചേർക്കുന്നു:

ചീഫ് ടെക്നിക്കൽ എക്സാമിനർ, ഫിനാൻസ്(ഇൻസ്പെക്ഷൻ വിംഗ്-ടെക്നിക്കൽ) വകുപ്പ്, ബാങ്ക് എംപ്ലോയീസ് യൂണിയൻ ബിൽഡിംഗ്സ്, പുളിമൂട്, തിരുവനന്തപുരം-695001

e-mail id: cte.fin@kerala.gov.in

# അനുബന്ധങ്ങൾ

- *അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്ന വിവിധതരം മരാമത്ത് പ്രവൃത്തികൾ*
- *അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക*
- *അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ*
- *മരാമത്ത് പ്രവൃത്തികളുടെ ന്യൂനതകൾക്കുള്ള ബാധ്യതാ കാലയളവ്*
- *അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം)*
- *വിവിധ ഏജൻസികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അക്രഡിറ്റേഷൻ നൽകിയതിന്റെ ഉത്തരവുകൾ*

# അനുബന്ധം-1

## അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്ന വിവിധതരം മരാമത്ത് പ്രവൃത്തികൾ (സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021 പ്രകാരം)

### 1. കെട്ടിട നിർമ്മാണ പ്രവൃത്തികൾ (Building Works)

എല്ലാ തരത്തിലുമുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും പരിപാലനത്തിനും ആവശ്യമായ സിവിൽ, സ്ട്രക്ച്ചറൽ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, HVAC (Heating, Ventilation, and Air Conditioning), കമ്മ്യൂണിക്കേഷൻസ്, സാനിറ്ററി സംവിധാനങ്ങൾ, വാട്ടർ സപ്ലൈ, അഗ്നി സുരക്ഷ, സുരക്ഷാ സംവിധാനം മുതലായവ.

### 2. റോഡ് പ്രവൃത്തികൾ (Road works)

എല്ലാ തരത്തിലുമുള്ള റോഡുകളുടേയും കൾവർട്ടുകളുടേയും നിർമ്മാണവും പരിപാലനവും നവീകരണവും; ഡ്രൈനേജുകളുടെ നിർമ്മാണവും പരിപാലനവും; ക്രോസ് ഡ്രൈനേജും അരികു സംരക്ഷണവും; റോഡ് ഫർണീച്ചർ പ്രവൃത്തികളും.

### 3. പാലം പ്രവൃത്തികൾ (Bridge works)

ഫ്ളൈഓവറുകളും റെയിൽ മേൽപ്പാലങ്ങളും ഉൾപ്പെടെ RCC യും സ്റ്റീലും അവയുടെ സംയോജനവും ഉൾപ്പെടുന്ന എല്ലാതരം പാലങ്ങളുടേയും നിർമ്മാണവും പരിപാലനവും നവീകരണവും.

### 4. പൊതുവായ സിവിൽ പ്രവൃത്തികൾ (General Civil works)

കെട്ടിടങ്ങൾ, റോഡുകൾ, കൾവർട്ടുകൾ, ഇന്റീരിയർ ഫർണീഷിംഗ്, ലാന്റ്സ്കേപിംഗ് മുതലായവ ഉൾപ്പെടെയുള്ള വിവിധ തരത്തിലുള്ള ഘടനകളുടേയും അടിസ്ഥാന സൗകര്യ പ്രവൃത്തികളുടേയും നിർമ്മാണം, റിപ്പയർ, പരിപാലനവും അനുബന്ധ പ്രവൃത്തികളും.

### 5. പവർ പ്ലാന്റുകൾ (Power plants)

ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടുകൾ, തെർമൽ പവർ പ്ലാന്റുകൾ, വിൻഡ് പവർ പ്ലാന്റുകൾ, സോളാർ പവർ പ്ലാന്റുകൾ, പവർ സബ് സ്റ്റേഷനുകൾ മുതലായവയുടെ നിർമ്മാണം, പരിപാലനം അല്ലെങ്കിൽ

രണ്ടും ഉൾപ്പെടുന്ന പ്രവൃത്തിയും ബന്ധപ്പെട്ട സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് പ്രവൃത്തികളും.

## 6. ജലസേചനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ (Irrigation related works)

ജലസംരക്ഷണ ഘടനകളായ അണക്കെട്ടുകൾ, ചിറകൾ, RCBs (Regulator Cum Bridge), പുഴയ്ക്ക് കുറുകെയുള്ള മണൽത്തിട്ട (Barrage), VCBs (Vented Cross Bars), കനാലുകൾ, കുളങ്ങൾ, മുതലായവയും ജല പ്രവാഹത്തിനുള്ള ഘടനകൾ മുതലായവയുടെ നിർമ്മാണം/പരിപാലനം പോലുള്ള കാർഷികോത്പാദനം ലക്ഷ്യമിട്ടുള്ള അടിസ്ഥാന സൗകര്യ പ്രവൃത്തികൾ.

## 7. വ്യാവസായിക ഭൂവികസന പ്രവൃത്തികൾ (Industrial Land Development works)

വിവര സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ള വ്യവസായ വികസനത്തിനാവശ്യമായ ഇന്റേണൽ റോഡുകൾ, പാലങ്ങൾ/കൾവർട്ടുകൾ, ജല വിതരണം, സാനിറ്ററി ലൈനുകൾ, മലിനജല സംസ്കരണ പ്ലാന്റ്, പവർ സബ്സ്റ്റേഷനുകൾ, വെയർഹൗസിംഗ്, പരിശോധനാ സംവിധാനങ്ങൾ മുതലായവ.

## 8. കാർഷിക ഭൂവികസന പ്രവൃത്തികൾ (Agricultural Land Development works)

മണ്ണു സംരക്ഷണ പ്രവൃത്തികൾ, തോടുകൾ, ബണ്ടുകൾ എന്നിവയുടെ നിർമ്മാണം/പരിപാലനം, കാർഷിക യന്ത്രം സ്ഥാപിക്കലും പരിപാലിക്കലും മുതലായ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മണ്ണ്, ജല സംരക്ഷണ പ്രവൃത്തികൾ.

## 9. ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ (Electro-Mechanical works)

പവർ ജനറേറ്റിംഗ് പ്ലാന്റുകൾ, പവർ സബ് സ്റ്റേഷനുകൾ, ഹെവി ഇൻഡസ്ട്രിയൽ സ്ട്രക്ച്ചറുകൾ, പ്ലാന്റുകളും ഉപകരണങ്ങളും; HVAC, ബിൽഡിംഗ് ഓട്ടോമേഷൻ, കമ്മ്യൂണിക്കേഷൻ, അഗ്നിരക്ഷാ സംവിധാനങ്ങൾ മുതലായവയിലെ ഇലക്ട്രിക്കൽ/മെക്കാനിക്കൽ പ്രവൃത്തികൾക്ക്

മേധാവിത്തമുള്ള നിർമ്മാണം/പരിപാലനം ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികൾ.

## 10. സ്റ്റീൽ പ്രവൃത്തികൾ (Steel works)

ട്രാൻസ്മിഷൻ ടവറുകൾ, സ്റ്റീൽ പാലങ്ങൾ, പവർ പ്ലാന്റുകൾ, പ്ലാന്റ്, ഉപകരണം മുതലായവ പോലുള്ള സ്റ്റീലിന്റേയും എല്ലാത്തരം ഘടനകളുടേയും ഫാബ്രിക്കേഷൻ, ഇറക്ഷൻ, പരിപാലനം.

## 11. ജല വിതരണവും മലിനജല സംസ്കരണ പ്രവൃത്തികളും (Water Supply & Sewage works)

സാധാരണ കിണറുകളും കുഴൽ കിണറുകളും; ജലമാർഗ്ഗം, പൈപ്പ് ലൈനുകൾ, വാട്ടർ ടാങ്കുകൾ, ജല-മലിനജല സംസ്കരണ പ്ലാന്റുകൾ മുതലായവ പോലുള്ള ജലവിതരണ സംവിധാനങ്ങളുടെ നിർമ്മാണവും കമ്മീഷനിംഗും പരിപാലനവും.

## 12. മറൈൻ പ്രവൃത്തികൾ (Marine works)

ഫിഷിംഗ് ഹാർബറുകൾ, പോർട്ടുകൾ, കടൽഭിത്തി, കടൽപാലം, ജെട്ടികൾ മുതലായവയുടെ നിർമ്മാണവും പരിപാലനവും.

## 13. വിവര സാങ്കേതിക പ്രവൃത്തികൾ (IT works)

സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുടെ രൂപകൽപ്പന, വികസിപ്പിക്കൽ, നടപ്പാക്കൽ, നിയന്ത്രിക്കൽ. കമ്പ്യൂട്ടർ ഹാർഡ്‌വെയറും ഇന്റർനെറ്റും നെറ്റ്‌വർക്കിംഗും ബന്ധപ്പെട്ട പ്രവൃത്തികളും സ്ഥാപിച്ച് കമ്മീഷൻ ചെയ്യൽ.

## 14. കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ (Cost effective works)

ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യകളും പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കളും ഉപയോഗപ്പെടുത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള കെട്ടിട നിർമ്മാണം അല്ലെങ്കിൽ പരിപാലനം അല്ലെങ്കിൽ രണ്ടും ഒരുമിച്ച്. അത്തരം പ്രവൃത്തികളുടെ ചെലവ് നിലവിലുള്ള DSR അടിസ്ഥാനമാക്കി പരമ്പരാഗത രീതിയിലുള്ള നിർമ്മാണത്തിനായി കണക്കാക്കുന്ന ചെലവിനേക്കാൾ കുറവായിരിക്കേണ്ടതാണ്.

# അനുബന്ധം-2

## അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക

- **സ.ഉ(പി)നം.104/2022/ഫിൻ തിയതി 02-09-2022**

**സ.ഉ(പി)നം.77/2019/ഫിൻ തിയതി 04-07-2019** പ്രകാരം 04-07-2019 മുതൽ രണ്ടു വർഷത്തേക്ക് അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകിയിരുന്ന അക്രഡിറ്റേഷന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് വിവിധ ഉത്തരവുകൾ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. **സ.ഉ(പി)നം.92/2022/ഫിൻ തിയതി 22-08-2022** പ്രകാരം 30-09-2022 വരെ അക്രഡിറ്റേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകിയിരുന്നുവെങ്കിലും **സ.ഉ(പി)നം.104/2022/ഫിൻ തിയതി 02-09-2022** പ്രകാരം അക്രഡിറ്റഡ് ഏജൻസികളുടെ പുതുക്കിയ പട്ടിക പ്രസിദ്ധീകരിച്ചതോടെ 02-09-2022 മുതൽ പുതുക്കിയ പട്ടികയാണ് പ്രാബല്യത്തിലുള്ളത്.

02-09-2022 മുതൽ രണ്ടു വർഷത്തേക്കാണ് പുതുക്കിയ പട്ടികയ്ക്ക് പ്രാബല്യമുള്ളത്. ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | അക്രഡിറ്റഡ് ഏജൻസിയുടെ പേര് | ഒരു പ്രവൃത്തിയുടെ പരമാവധി മൂല്യം (കോടി) | ഒരു സമയത്തെ പരമാവധി പ്രവൃത്തി (കോടി) | അക്രഡിറ്റേഷന്റെ മേഖല |
|---|---|---|---|---|
| 1 | ജില്ലാ നിർമ്മിതി കേന്ദ്ര, ഇടുക്കി | 3 | 10 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ (Cost effective works) Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ(General Civil Construction Works) - PMC ആയും Non-PMC ആയും. |

| | | | | |
|---|---|---|---|---|
| 2 | ജില്ലാ നിർമ്മിതി കേന്ദ്ര, പത്തനം തിട്ട | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 3 | ജില്ലാ നിർമ്മിതി കേന്ദ്ര, ആലപ്പുഴ | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 4 | ജില്ലാ നിർമ്മിതി കേന്ദ്ര, കൊല്ലം | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |
| 5 | ജില്ലാ നിർമ്മിതി കേന്ദ്ര, കണ്ണൂർ | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 6 | ജില്ലാ നിർമ്മിതി കേന്ദ്ര, കോഴിക്കോട് | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |

| | | | | |
|---|---|---|---|---|
| 7 | ജില്ലാ നിർമ്മിതി കേന്ദ്ര, കോട്ടയം | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |
| 8 | ജില്ലാ നിർമ്മിതി കേന്ദ്ര, തൃശൂർ | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |
| 9 | ജില്ലാ നിർമ്മിതി കേന്ദ്ര, മലപ്പുറം | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |
| 10 | ജില്ലാ നിർമ്മിതി കേന്ദ്ര, തിരുവനന്തപുരം | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |
| 11 | ജില്ലാ നിർമ്മിതി കേന്ദ്ര, എറണാകുളം | 4.5 | 15 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 12 | ജില്ലാ നിർമ്മിതി കേന്ദ്ര, കാസർഗോഡ് | 5 | 50 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി |

| | | | | |
|---|---|---|---|---|
| 13 | ജില്ലാ നിർമ്മിതി കേന്ദ്ര, പാലക്കാട് | 9 | 30 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 14 | ജില്ലാ നിർമ്മിതി കേന്ദ്ര, വയനാട് | 25 | 150 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖലയിലെ കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 15 | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര (KENSK) | 45 | 340 | • കോസ്റ്റ് എഫക്റ്റീവ് പ്രവൃത്തികൾ Non-PMC ആയി<br>• പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 16 | ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപറേറ്റീവ് ലിമിറ്റഡ് (ARTCO) | 1 | 5 | • ഇന്റീരിയർ ഫർണീഷിംഗ് പ്രവൃത്തികൾ Non-PMC ആയി (ARTCO Ltd. നെ ഏൽപ്പിക്കുന്ന പ്രവൃത്തികൾക്ക് ഉപ കരാർ നൽകുകയോ ഏതെങ്കിലും വിധത്തിൽ പുറംപണി കരാർ നൽകുകയോ ചെയ്യരുത് എന്ന നിബന്ധനയോടെ) |
| 17 | കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) | 5 | 50 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |

| | | | | |
|---|---|---|---|---|
| 18 | സ്മാൾ ഇൻഡ സ്ട്രീസ് ഡെവല പ്മെന്റ് കോർപറേ ഷൻ (SIDCO) | 5 | 50 | • PWD ഒഴികെയുള്ള സർക്കാർ വകുപ്പുകളുടെ പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 19 | കേരളാ സ്റ്റേറ്റ് ഇല ക്ട്രോ ണിക്സ് ഡെവല പ്മെന്റ് കോർപറേ ഷൻ ലിമി റ്റഡ് (KELTR ON) | 5 | 50 | • IT/IT അധിഷ്ഠിത സേവന ങ്ങൾ, ട്രാഫിക് സിഗ്നലിംഗ് സിസ്റ്റം, high/medium മാസ്റ്റ് ലൈറ്റുകൾ എന്നിവയ്ക്ക് വേണ്ടിയുള്ള പ്രവൃത്തികൾ Non-PMC ആയി.<br>• കമ്പ്യൂട്ടർ സിസ്റ്റം വാങ്ങു ന്നത് G.O(P)No.118/ 2018/Fin dated 03-08-2018 പ്രകാരം ആയി രിക്കേണ്ടതാണ്. |
| 20 | കേരള ആർട്ടി സാൻസ് ഡെവല പ്മെന്റ് കോർപറേ ഷൻ ലിമി റ്റഡ് (KAD CO) | 5 | 50 | • ഇന്റീരിയർ ഫർണീഷിംഗ് പ്രവൃത്തികൾ, ലാബുക ളുടെ ആധുനികവത്ക്കരണ പ്രവൃത്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവൃത്തി കൾ Non-PMC ആയി. |
| 21 | യുണൈ റ്റഡ് ഇല ക്ട്രിക്കൽ ഇൻഡ സ്ട്രീസ് ലിമിറ്റഡ് (UEIL) | 5 | 50 | • ഇലക്ട്രിക്കൽ പ്രവൃത്തികൾ PMC ആയി. |
| 22 | ഹിന്ദു സ്ഥാൻ പ്രീഫാബ് ലിമിറ്റഡ് (HPL) | 25 | 150 | • കെട്ടിട നിർമ്മാണ പ്രവൃത്തി കൾ- PMC ആയി |

| | | | | |
|---|---|---|---|---|
| 23 | HLL ലൈഫ് കെയർ ലിമിറ്റഡ് | 25 | 150 | • കെട്ടിട നിർമ്മാണ പ്രവൃത്തി കളും പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികളും PMC ആയി |
| 24 | ഫോറസ്റ്റ് ഇൻഡ സ്ട്രീസ് ട്രാവൻകൂ ർ ലിമിറ്റഡ് (FIT) | 25 | 150 | • ഇന്റീരിയർ ഫർണീഷിംഗ് പ്രവൃത്തികൾ Non-PMC ആയി |
| 25 | കേരള ലാന്റ് ഡെവല പ്മെന്റ് കോർപറേ ഷൻ ലിമി റ്റഡ് (KLDC) | 25 | 150 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികളും ഭൂവികസന പ്രവൃത്തികളും PMC ആയി |
| 26 | കേരള പൊലീസ് ഹൗസിംഗ് ആന്റ് കൺസ്ട്ര ക്ഷൻ കോർപറേ ഷന് ലിമി റ്റഡ് (KPHCC) | 25 | 225 | • എല്ലാ വകുപ്പുകളുടേയും കെട്ടിട നിർമ്മാണ പ്രവൃത്തി കൾ PMC ആയി |
| 27 | ഇൻഫ്രാ സ്ട്രക്ച്ചർ കേരള ലിമിറ്റഡ് (INKEL) | 45 | 340 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 28 | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവല പ്മെന്റ് കോർപറേ ഷൻ (KSCA DC) | 100 | 500 | • വൻകിട തുറമുഖ നിർമ്മാണ പ്രവൃത്തികൾ, തീരസംരക്ഷണ പ്രവൃത്തി കൾ, തീരദേശ- മീൻപി ടുത്ത മേഖലയിലെ സ്കൂളു കൾ PMC ആയി |

| | | | | |
|---|---|---|---|---|
| 29 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ ലിമിറ്റഡ് (KSCC) | 50 | 340 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 30 | കേരള ഇലക്ട്രിക്കൽ ആന്റ് അല്ലീഡ് എഞ്ചിനിയറിംഗ് ലിമിറ്റഡ് (KEL) | 50 | 450 | • ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളും പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികളും PMC ആയി |
| 31 | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) | 50 | 450 | • സ്റ്റീൽ സ്ട്രക്ച്ചറുകളുടെ ഡിസൈൻ, ഫാബ്രിക്കേഷൻ എന്നിവ ഉൾപ്പെടുന്ന കരാർ പ്രവൃത്തികളുടെ ഭാഗമായുള്ള സ്റ്റീൽ സ്ട്രക്ച്ചറുകൾ, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ PMC ആയി, പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 32 | KITCO ലിമിറ്റഡ് | 60 | 750 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 33 | HLL ഇൻഫ്രാ ടെക് സർവ്വീസസ് ലിമിറ്റഡ് (HITES) | 60 | 750 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ- PMC ആയി |

| | | | | |
|---|---|---|---|---|
| 34 | WAP COS | 60 | 750 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 35 | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി (KHRWS) | 7.5 | 75 | • ആരോഗ്യ വകുപ്പിനു കീഴിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ PMC ആയി |
| 36 | കേരള ഷിപ്പിംഗ് ആന്റ് ഇൻലന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSINC) | 7.5 | 75 | • സ്റ്റീലും FRP യും ഉപയോഗിച്ച് നിർമ്മിച്ച ബോട്ടുകൾ, വെസ്സലുകൾ മുതലായവയുടെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വകുപ്പുകളിൽ നിന്നും PMC ആയും Non PMC ആയും. |
| 37 | സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) | 7.5 | 75 | • PMC and Non PMC for ICT & IT enabled Services in the specific areas of<br>a) Facility Management Services (IT & e-Governance)<br>b) Annual Maintenance and Technical Support (IT & e-Governance)<br>c) Surveillance Solutions<br>d) Structured Cabling and Networking Solutions<br>e) Security Printing & Hologram Products<br>f) Biometric Solutions<br>g) Digitization and Archiving<br>h) Green Technology/ |

| | | | | |
|---|---|---|---|---|
| | | | | Solar Energy Solutions<br><br>i) Software Development & Testing, Hosting IEC & Social Media Campaigns, Website Development and Content Management.<br>j) Video Production, Animation<br>k) Development of e-Service Platforms<br>l) Video Conferencing Solutions |
| 38 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) | 15 | 150 | PMC for:<br>a) Projects under Cochin Smart City Mission Limited<br>b) AMRUT Project, Kozhikode<br>c) AMRUT Project, Kochi<br>d) Integrated Urban Regeneration and Water Transport System.<br><br>KMRL is accredited for taking up works in Ernakulam area only, subject to the condition that they will strictly adhere to the rules and regulations fixed by Government for executing works through accredited agencies. |

| | | | | |
|---|---|---|---|---|
| 39 | ബ്രിഡ്ജ് ആന്റ് റൂഫ് കമ്പനി (ഇന്ത്യ) ലിമിറ്റഡ്. | 30 | 300 | ഏജൻസി കേരളത്തിൽ ഒരു റീജിയണൽ ഓഫീസ് തുറക്കണമെന്ന വ്യവസ്ഥ യോടെ അവരുടെ മേഖല യിൽ (റോഡുകളുടേയും പാലങ്ങളുടേയും പ്രോജ ക്ടുകൾ) PMC ആയി. |
| 40 | NHPC ലിമിറ്റഡ്. | 15 | 150 | ഏജൻസി കേരളത്തിൽ ഒരു റീജിയണൽ ഓഫീസ് തുറക്കണമെന്ന വ്യവസ്ഥ യോടെ അവരുടെ മേഖല യിൽ (പവർ പ്രോജക്ടു കൾ) PMC ആയി. |

| സർക്കാർ ഇതര അക്രഡിറ്റഡ് ഏജൻസികളുടെ പട്ടിക<br>List of Accredited Non-Governmental Agencies | | | | |
|---|---|---|---|---|
| 41 | സ്റ്റേറ്റ് അഗ്രി ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 1 | 5 | • ലാന്റ്സ്കേപ്പിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികൾ |
| 42 | പിണറായി ഇൻഡ സ്ട്രിയൽ കോ-ഓ പ്പറേറ്റീവ് സൊസൈറ്റി ലിമി റ്റഡ് (PICOS) | 2 | 10 | • ജില്ലയ്ക്കുള്ളിൽ അവരുടെ പ്രവർത്തന മേഖയിലെ പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ Non-PMC ആയി. |
| 43 | സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്മെന്റ് (COSTFORD) | 25 | 60 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി<br>• ചെലവ് കുറഞ്ഞ/കോസ്റ്റ് എഫക്ടീവ് പ്രവൃത്തികൾ Non-PMC ആയി. |

| | | | | |
|---|---|---|---|---|
| 44 | ഹാബിറ്റാറ്റ് (HABITAT) | 25 | 250 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ PMC ആയി.<br>• ചെലവ് കുറഞ്ഞ/കോസ്റ്റ് എഫക്ടീവ് പ്രവൃത്തികൾ Non-PMC ആയി. |
| 45 | തൃശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (TDLCCS) | 40 | 200 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ Non-PMC ആയി. |
| 46 | ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ULCCS) | 150 | 800 | • പൊതുവായ സിവിൽ നിർമ്മാണ പ്രവൃത്തികൾ Non-PMC ആയി. |

**അക്രഡിറ്റേഷൻ പുതുക്കൽ:** അക്രഡിറ്റേഷൻ കാലയളവിനുശേഷം സ്ഥാപനങ്ങളുടെ പ്രകടനം പുനരവലോകനം ചെയ്തതിനുശേഷം മാത്രമേ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നത് പരിഗണിക്കുകയുള്ളൂ.

**പ്രത്യേക ശ്രദ്ധയ്ക്ക്**

- *സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ കാലാവധി പൂർത്തിയാകുമ്പോളും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുമ്പോളും മേൽ പട്ടികയിൽ മാറ്റങ്ങൾ വരുന്നതാണ്.*
- *അക്രഡിറ്റേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ മാറ്റം വരുന്നതാണ്. ആയതിനാൽ അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന തുടർ ഉത്തരവുകൾ നിരീക്ഷിക്കേണ്ടതാണ്.*
- *finance.kerala.gov.in എന്ന വെബ്സൈറ്റിൽ Government Orders എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട ഉത്തരവുകൾ കണ്ടെത്താവുന്നതാണ്.*

# അനുബന്ധം-3

## അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ

**സ.ഉ(ആർടി)നം.7497/2021/ഫിൻ തിയതി 20-11-2021 പ്രകാരം** മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ തെരഞ്ഞെടുപ്പിനും അക്രഡിറ്റേഷനും വേണ്ടി സർക്കാരിന് ഉപദേശം നൽകുന്നതിനായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി പുതിയ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും **സ.ഉ(പി)നം.176/ 2021/ഫിൻ തിയതി 21-12-2021**[4] **പ്രകാരം** അക്രഡിറ്റഡ് ഏജൻസികൾക്ക് ഏറ്റെടുക്കാവുന്ന ഒരു പ്രവൃത്തിയുടെ പരമാവധി മൂല്യവും ഒരേ സമയം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പരമാവധി മൂല്യവും പുതുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചു. താഴെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കി ഓരോ ഘടകത്തിനും നിശ്ചിത സ്കോർ നൽകി പരമാവധി സ്കോർ 100 ആയി നിജപ്പെടുത്തി സ്ഥാപനങ്ങളുടെ മൂല്യ നിർണ്ണയം നടത്തിയാണ് മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടത്.

1. General details and Structure (Score 0-10)
2. Resource availability (Score 0-25)
3. Financial capacity (Score 0-30)
4. Experience (Score 0-15) and Performance (Score 0-20)
5. Liabilities

*(വിശദാംശങ്ങൾക്ക് ഉത്തരവിലെ അനക്സർ-I കാണുക)*

---

4 *സ.ഉ(പി)നം.107/2016/ഫിൻ തിയതി 27-07-2016 പ്രകാരമുള്ള വ്യവസ്ഥകളായിരുന്നു അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് 21-12-2021 നു മുമ്പ് ബാധകമായിരുന്നത്.*

ലഭ്യമായ സ്കോറിന്റെ അടിസ്ഥാനത്തിലാണ് ഓരോ സ്ഥാപനത്തിനും ഏറ്റെടുക്കാവുന്ന പ്രവൃത്തികൾക്കുള്ള മാനദണ്ഡം നിശ്ചയിക്കേണ്ടത്. പട്ടിക താഴെ ചേർക്കുന്നു.

| വിലയിരുത്തലിൽ ലഭ്യമാകുന്ന സ്കോർ (പരമാവധി 100) | ഒരു പ്രവൃത്തി യുടെ പരമാവധി മൂല്യം (കോടി) | പുതിയ സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാ വുന്ന ആകെ പ്രവൃത്തി മൂല്യം (കോടി) |
|---|---|---|
| 25-40 | 7.5 | 75 |
| 41-55 | 15 | 150 |
| 56-70 | 22.5 | 225 |
| 71-85 | 30 | 300 |
| 85 and above | 37.5 | 375 |

- അക്രഡിറ്റേഷൻ കാലയളവ് 2 വർഷത്തേക്ക് ആയിരിക്കുന്നതാണ്. സർക്കാരിന് ഈ കാലയളവിനുള്ളിൽ ഏതൊരു ഏജൻസിയുടേയും അക്രഡിറ്റേഷൻ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
- പുതിയ അക്രഡിറ്റേഷനും അക്രഡിറ്റേഷൻ പുതുക്കുന്നതിനുമുള്ള അപേക്ഷ Annexure-II ൽ നൽകേണ്ടതാണ്.
- Defect Liability Period: ജി.ഒ(പി)നം.161/2019/ഫിൻ തിയതി 25-11-2019 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
- അക്രഡിറ്റഡ് ഏജൻസികൾ സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021 പ്രകാരമുള്ള വ്യവസ്ഥകളും ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും പിന്തുടരേണ്ടതാണ്.
- നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം PWD Quality Control Manual, 2015 നും ബാധകമായിടത്ത്, മറ്റെല്ലാ സ്റ്റാന്റേർഡുകൾക്കും അനുസൃതമാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം തെരഞ്ഞെടുക്കപ്പെടുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് ആയിരിക്കുന്നതാണ്.

# അനുബന്ധം-4

## മരാമത്ത് പ്രവൃത്തികളുടെ ന്യൂനതകൾക്കുള്ള ബാധ്യതാ കാലയളവ് - പുതുക്കിയ മാനദണ്ഡങ്ങൾ
## Defect Liability Period of Public Works

- **ജി.ഒ(പി)നം.161/2019/ഫിൻ തിയതി 25-11-2019**

സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ & ഇലക്ട്രോണിക് എഞ്ചിനിയറിംഗ് വിംഗുകളുടെ പൊതുവായ മരാമത്ത് പ്രവൃത്തികൾക്ക് കുറഞ്ഞ ഗാരണ്ടി ഉറപ്പാക്കുന്നതിനായി ന്യൂനതാ ബാധ്യതാ കാലയളവുകളിൽ (defect liability period) മേൽ ഉത്തരവു പ്രകാരം ഭേദഗതി വരുത്തി.

**സംസ്ഥാനത്തെ എല്ലാ എഞ്ചിനിയറിംഗ് വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അക്രഡിറ്റഡ് ഏജൻസികളും** നിർവ്വഹിക്കുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികൾക്കും പുതുക്കിയ ന്യൂനതാ ബാധ്യതാ കാലയളവ് ബാധകമാകുന്നതാണ്.

ഓരോ വിഭാഗം പ്രവൃത്തിയുടേയും ബാധ്യതാ കാലയളവ് താഴെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം ആയിരിക്കുന്നതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ തരം | ന്യൂനതാ ബാധ്യതാ കാലയളവ് |
|---|---|---|
| **I** | **സിവിൽ പ്രവൃത്തികൾ** | |
| 1 | ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ പ്രവൃത്തികൾ ഒഴികെയുള്ള അസ്സൽ പ്രവൃത്തികൾ - കെട്ടിടങ്ങൾ, പാലങ്ങൾ, ഫ്ളൈഓവറുകൾ, ജലസേചനം, പവർ ഘടനകൾ, ഹാർബർ എഞ്ചിനിയറിംഗ് ഘടനകൾ മുതലായവ. | 60 മാസം |
| 2 | പുതിയ റോഡ് നിർമ്മാണം-സബ് ബേസ്, ബേസ്, BM&BC പ്രതലം.<br>BM - Bituminous Macadam<br>BC - Bituminous Contrete | 36 മാസം |
| 3 | പുതിയ റോഡ് നിർമ്മാണം-സബ് ബേസ്, ബേസ്, BM&BC അല്ലാത്ത സ്പെസിഫിക്കേഷനോടുകൂടിയ പ്രതലം. | 24 മാസം |

| | | |
|---|---|---|
| 4 | BM&BC സ്പെസിഫിക്കേഷനിൽ ഉപരിതലം പുതുക്കൽ. | 24 മാസം |
| 5 | 30 mm കനത്തിൽ BC/ SDBC യോടു കൂടിയതോ, സമാനമായ സ്പെസിഫിക്കേഷ നോടുകൂടിയതോ ആയ ഉപരിതലം പുതുക്കൽ. SDBC -Semi Dense Bituminous Concrete | 18 മാസം |
| 6 | 20 mm ചിപ്പിംഗ് കാർപ്പറ്റോടുകൂടിയതോ സമാനമായ സ്പെസിഫിക്കേഷനോടുകൂടി ഉപരിതലം പുതുക്കൽ | 12 മാസം |
| 7 | റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് ഘടനകൾ എന്നി വയുടെ സാധാരണ അറ്റകുറ്റപ്പണികൾ | 6 മാസം |
| 8 | റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് ഘടനകൾ എന്നി വയുടെ പ്രത്യേക അറ്റകുറ്റപ്പണികൾ | 18 മാസം |
| 9 | തെർമോപ്ലാസ്റ്റിക് പെയ്ന്റ് ഉപയോഗിച്ചുള്ള റോഡ് മാർക്കിംഗുകൾ | 12 മാസം |
| 10 | റെട്രോ റിഫ്ളക്ടീവ് അടയാള ബോർഡുകളും ദിശാ ബോർഡുകളും | 36 മാസം |
| 11 | താത്കാലിക പ്രവൃത്തികൾ | ഉപയോഗ കാല യളവിനെ അടി സ്ഥാനമാക്കി നിശ്ചയിക്കുന്ന തും ഓരോ സംഗതിയിലും എഗ്രിമെന്റ് അധികാരി സൂചിപ്പിക്കുന്ന തുമാണ്. |
| 12 | ഇന്റീരിയർ പ്രവൃത്തികൾ | 18 മാസം |

| II | മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് പ്രവൃത്തികൾ | |
|---|---|---|
| 1 | കെട്ടിട പ്രവൃത്തികളുമായി ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികൾ | 36 മാസം |
| 2 | ജലസേചന ഘടനകളുമായി ബന്ധപ്പെട്ട മെക്കാനി ക്കൽ പ്രവൃത്തികൾ | |
| 3 | കെട്ടിട പ്രവൃത്തികളുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ | |
| 4 | ജലസേചന ഘടനകളുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾ | |
| 5 | അഗ്നി സുരക്ഷാ സംവിധാനത്തിന്റെ പ്രവൃത്തികൾ | |
| 6 | ELV (Extra Low Voltage) പ്രവൃത്തികൾ | |

# അനുബന്ധം 5

# അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം)

- **സ.ഉ(എം.എസ്)നം.133/2013/തസ്വഭവ തിയതി 30-03-2013**

അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ (എൻ.ജി.ഒ നയം) അംഗീകരിച്ചു. ചില പ്രത്യേക സാഹചര്യങ്ങളിൽ അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം പ്രയോജനപ്പെടുത്തേണ്ടി വരുന്നതാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്.

## 1. അംഗീകൃത ഏജൻസികൾ

സർക്കാരിന്റേയോ സർക്കാരിന്റെ ഏതെങ്കിലും വകുപ്പുകളുടേയോ മാർഗ്ഗനിർദ്ദേശ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ളതും വകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരമോ അംഗീകൃത ബൈലോ പ്രകാരമോ നിശ്ചിത പ്രവർത്തനപരിധി ഉള്ളതുമായ സമിതികളാണ് അംഗീകൃത ഏജൻസികൾ.

**ഉദാ.** *സ്കൂൾ പി.ടി.എ, രജിസ്റ്റർ ചെയ്തിട്ടുള്ള പാടശേഖരസമിതി, കുടുംബശ്രീ ഏരിയ ഡവലപ്മെന്റ് സൊസൈറ്റി, കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി, ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റി, വനസംരക്ഷണ സമിതി, ഗുണഭോക്തൃ സമിതി.*

## എ. അംഗീകൃത ഏജൻസികളെ ഏൽപ്പിക്കാവുന്ന പ്രവർത്തനങ്ങൾ

രണ്ടു വിഭാഗത്തിലുള്ള പ്രവർത്തനങ്ങൾ അംഗീകൃത സമിതികളെ ഏൽപ്പിക്കാവുന്നതാണ്.

1. ബന്ധപ്പെട്ട വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരവും ബൈലോ നിലവിലുണ്ടെങ്കിൽ ആയത് പ്രകാരവും നിർവ്വഹിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ.
2. ഓരോ ഏജൻസിയുമായി ബന്ധപ്പെട്ട മേഖലകളിലെ മരാമത്ത് പ്രവൃത്തികൾ.

## ബി. അംഗീകൃത ഏജൻസികളെ മരാമത്ത് പ്രവൃത്തികൾ ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ

അംഗീകൃത ഏജൻസികളെ മരാമത്ത് പണികൾ ഏൽപ്പിക്കുമ്പോൾ ഗുണഭോക്തൃ സമിതിക്ക് ബാധകമായ എല്ലാ നിബന്ധനകളും ബാധകമാകുന്നതാണ്. പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

- പ്രവൃത്തി ഏറ്റെടുക്കുവാൻ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്ന് ഐകകണ്ഠേന തീരുമാനമെടുക്കണം.
- രണ്ടു കരാർ ഉടമ്പടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകണം.
    - സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തമ്മിലുള്ളത്.
    - സമിതിയുടെ പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുമായി ഒപ്പു വയ്ക്കുന്നത്.
- ഏറ്റെടുത്ത പ്രവൃത്തി നേരിട്ട് നിർവ്വഹിക്കണം. ബിനാമി കരാർ (കോൺട്രാക്ടർക്ക് പ്രവൃത്തി ഏൽപ്പിച്ചു നൽകൽ) പാടില്ല.
- വരവു-ചെലവു കണക്കുകൾ, സാധന സാമഗ്രികൾ വാങ്ങിയതിന്റേയും ഉപയോഗിച്ചതിന്റേയും കണക്കുകൾ, തൊഴിലാളികളെ പണിയെടുപ്പിച്ചതിന്റെ മസ്റ്റർ റോൾ എന്നിവ പ്രത്യേകമായി എഴുതി സൂക്ഷിക്കുകയും പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം.
- വരവു-ചെലവു കണക്കുകൾ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതും യോഗത്തിന്റെ മിനിട്സ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയും വേണം.

- ഗുണഭോക്തൃ സമിതിക്ക് ബാധകമായ കരാർ വ്യവസ്ഥകളിലെ മറ്റെല്ലാ വ്യവസ്ഥകളും പാലിക്കണം.

## 2. അക്രഡിറ്റഡ് ഏജൻസികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും പ്രോജക്ട് ടെണ്ടറോ, ക്വട്ടേഷനോ കൂടാതെ ഏറ്റെടുത്തു നടത്തുവാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ അക്രഡിറ്റേഷൻ നൽകുന്ന സർക്കാരിതര ഏജൻസികളെ അക്രഡിറ്റഡ് ഏജൻസികൾ എന്ന് പറയാവുന്നതാണ്. ഇത്തരം ഏജൻസികളുടെ പ്രവർത്തന പാരമ്പര്യം, വിശ്വാസ്യത, സാങ്കേതിക വൈദഗ്ദ്ധ്യം, സാമ്പത്തികശേഷി, മാനേജ്മെന്റ് വൈദഗ്ദ്ധ്യം എന്നിവ പരിശോധിച്ചശേഷമായിരിക്കും അക്രഡിറ്റേഷൻ നൽകുന്നത്.

സർക്കാർ സ്ഥാപനങ്ങൾക്ക്/ഏജൻസികൾക്ക്/സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീണ്ടും സർക്കാരിന്റെ ഒരു അക്രഡിറ്റേഷൻ ആവശ്യമില്ലാത്തതിനാൽ അത്തരം ഏജൻസികൾ അക്രഡിറ്റഡ് ഏജൻസികളുടെ വിഭാഗത്തിൽപ്പെടുന്നവയല്ല. അത്തരം സ്ഥാപനങ്ങളുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## എ. അക്രഡിറ്റഡ് ഏജൻസികളുടെ വ്യവസ്ഥകൾ

ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ഏജൻസികളെ, ഓരോ ഏജൻസിക്കും നൽകിയിട്ടുള്ള അക്രഡിറ്റേഷൻ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന മൂന്ന് വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഏൽപ്പിക്കാവുന്നതാണ്.

1. ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ(Low Cost Technology) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ. PWD ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കുന്ന സാധാരണ മരാമത്ത് പ്രവൃത്തികൾ ഏൽപ്പിക്കാവുന്നതല്ല. PWD ഡാറ്റ പ്രകാരമുള്ള എസ്റ്റിമേറ്റിനേക്കാൾ കുറവാണെങ്കിൽ മാത്രമേ പ്രവൃത്തി ഏൽപ്പിക്കാവൂ.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, സർക്കാർ-പൊതുമേഖലാ ഏജൻസികളുടേയോ ഉദ്യോഗസ്ഥ-സ്ഥാപന വൈദഗ്ദ്ധ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങൾ.

**ഉദാ.** *മാലിന്യ സംസ്കരണം, സോളാർ എനർജി, ബയോഗ്യാസ് മുതലായ മേഖലകളിലെ പ്രവർത്തനങ്ങൾ.*

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, സർക്കാർ-പൊതുമേഖലാ ഏജൻസികളുടേയോ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയാത്തതും പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ളതുമായ സേവന പ്രവർത്തനങ്ങൾ (Services).

**ഉദാ.** *പഠനങ്ങൾ, ഗവേഷണങ്ങൾ, ഡോക്യുമെന്റേഷൻ, പ്രത്യേക സാങ്കേതിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്ന തൊഴിൽ പരിശീലനങ്ങൾ, മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം മുതലായവ.*

## ബി. സേവനങ്ങളുടെ പ്രൊക്യുർമെന്റ്

രണ്ടു ലക്ഷത്തിൽ താഴെ തുകയ്ക്കുള്ള സേവനങ്ങളുടെ പ്രൊക്യുർമെന്റ് മാത്രമേ നേരിട്ട് അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവൂ.

രണ്ടു ലക്ഷത്തിൽ കൂടുതലുള്ള സേവനങ്ങളുടെ പ്രൊക്യുർമെന്റ്, സ.ഉ(പി)നം.259/2010/ഫിൻ തിയതി 08-11-2010 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരമുള്ള Least Cost Selection (LCS)/ Fixed Budget Selection (FBS)/ QCBS രീതിയിൽ നടത്തേണ്ടതാണ്.

## സി. അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ചുമതല ഏൽപ്പിക്കുന്നതിനു മുമ്പ് പരിശോധിക്കേണ്ട കാര്യങ്ങൾ

- ✓ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/സർക്കാർ ഏജൻസികളുടെ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവർത്തനമല്ല എന്ന് ഉറപ്പുവരുത്തണം.
- ✓ ഈ മാർഗ്ഗരേഖ പ്രകാരം അക്രഡിറ്റേഷൻ ലഭിച്ച ഏജൻസിയാണെന്നും കരാറിലേർപ്പെടുന്ന സമയത്ത് ഏജൻസിക്ക് ക്ഷമതയുള്ള

(അക്രഡിറ്റേഷൻ കാലാവധിയുടെ പ്രാബല്യം കഴിയാത്ത) അക്രഡിറ്റേഷൻ ഉണ്ടെന്നും ഉറപ്പാക്കണം.

✓ ലഭിച്ച അക്രഡിറ്റേഷൻ പ്രകാരം ഏജൻസിക്ക്, ഏൽപ്പിക്കാനുദ്ദേശിക്കുന്ന പ്രവൃത്തി/പ്രവർത്തനം ഏറ്റെടുക്കുവാൻ അനുവാദമുണ്ടോ എന്നും പരിശോധിക്കണം.

## ഇ. ഏജൻസികളുടെ അക്രഡിറ്റേഷൻ

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകളുടെ നിർവ്വഹണ ചുമതല ഏറ്റെടുക്കാവുന്ന ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് ആയിരിക്കും.
- പരമാവധി മൂന്ന് വർഷത്തേക്ക് അക്രഡിറ്റേഷന് കാലാവധി ഉണ്ടായിരിക്കുന്നതാണ്.

- അക്രഡിറ്റേഷൻ ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങളും അക്രഡിറ്റേഷനുവേണ്ടിയുള്ള അപേക്ഷ നിശ്ചിത മാതൃകയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

*(സ.ഉ(സാധാ)നം.1784/2019/തസ്വഭവ തിയതി 17-08-2019 പ്രകാരം അപേക്ഷാ ഫോറം പുതുക്കിയിട്ടുണ്ട്).*

- നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല സമിതി പരിശോധന നടത്തുന്നതും 75% ൽ കുറയാത്ത മാർക്ക് ലഭിക്കുകയും ചെയ്താൽ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അക്രഡിറ്റേഷൻ നൽകുന്നതാണ്.
- ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസിക്ക് അക്രഡിറ്റേഷന് നൽകാവുന്നതല്ല.
- ഏജൻസിയുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ അക്രഡിറ്റേഷൻ റദ്ദാക്കുന്നതാണ്. പൊതു പണത്തിന് നഷ്ടമുണ്ടായാൽ നഷ്ടം ഏജൻസിയിൽ നിന്നും ഈടാക്കുന്നതാണ്.
- അക്രഡിറ്റേഷൻ ലഭിക്കുന്ന ഏതൊരു ഏജൻസിയും തദ്ദേശ സ്വയംഭരണ വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## എഫ്. അക്രഡിറ്റേഷനു വേണ്ടിയുള്ള ശുപാർശ നൽകുന്നതിനുള്ള കമ്മിറ്റി

- അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥ കളും മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (അസ്സൽ മാർഗ്ഗരേഖ കാണുക).

- അക്രഡിറ്റേഷനു വേണ്ടിയുള്ള പരിശോധന നടത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിനുള്ള കമ്മിറ്റിയുടെ ഘടന താഴെ ചേർക്കുന്നു.

കൺവീനർ - സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

അംഗങ്ങൾ - സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

- സെക്രട്ടറി, ധനകാര്യ വകുപ്പ്
- ഡയറക്ടർ, നഗരകാര്യം
- ഡയറക്ടർ, പഞ്ചായത്ത്
- ഓരോ മേഖലയ്ക്കും 3 വീതം വിദഗ്ദ്ധർ

- *സ.ഉ(സാധാ)നം.1159/2013/തസ്വഭവ തിയതി 26-04-2013 പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.*

കമ്മിറ്റിയുടെ ചുമതലകൾ എന്തൊക്കെയെന്ന് വിശദമായി മാർഗ്ഗരേഖ യിൽ പ്രതിപാദിച്ചിട്ടുണ്ട്. മാർഗ്ഗരേഖ കൂടി കാണുക.

***സ.ഉ(സാധാ)നം.108/2021/തസ്വഭവ തിയതി 16-01-2021*** *പ്രകാരം അക്രഡി റ്റേഷനു വേണ്ടിയുള്ള അപേക്ഷകളിൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്നതിനായി കിലയിലെ ഫാക്കൽറ്റി മെമ്പർമാരിൽ നിന്നും കിലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻമാരിൽ നിന്നും വിഷയവിദഗ്ദ്ധരെ തെരഞ്ഞെടുത്ത് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന തിന് കിലയ്ക്ക് കിലയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.*

## കരാറിൽ എർപ്പെടൽ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രോജക്റ്റ് നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കുകയാണെങ്കിലും ഗുണഭോക്തൃ സമിതിയായാലും സർക്കാർ-സർക്കാരിതര ഏജൻസിയായാലും അവരുമായി തദ്ദേശ സ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ്.

## 3. സാധന സാമഗ്രികൾ വാങ്ങൽ

- സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 08-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം സാധന സാമഗ്രികൾ വാങ്ങേണ്ടത്.
- പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിൽ പറഞ്ഞിട്ടില്ലാത്ത ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ സർക്കാർ ഏജൻസിയിൽ നിന്നോ ക്വട്ടേഷനോ, ടെണ്ടറോ കൂടാതെ സാധനസാമഗ്രികൾ വാങ്ങണമെങ്കിൽ ആയത് അനുവദിച്ചുകൊണ്ട് മാർഗ്ഗരേഖ പ്രകാരമുള്ള കമ്മിറ്റി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം. അപ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവിൽ സ്ഥാപനത്തിന്റെ പേര്, വാങ്ങാവുന്ന സാധനങ്ങളുടെ പേര്, സ്പെസിഫിക്കേഷൻ, വില, വിൽപ്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ ആകയാൽ ഇവ അക്രഡിറ്റഡ് ഏജൻസികൾ ആയിരിക്കുകയില്ല.

# അനുബന്ധം 6

## വിവിധ ഏജൻസികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് അക്രഡിറ്റേഷൻ നൽകിയതിന്റെ ഉത്തരവുകൾ

### 1. അക്രഡിറ്റഡ് ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി എഗ്രിമെന്റ് വെച്ച് പുതുതായി ഏൽപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള സെന്റേജ് ചാർജ്ജ്

- **സ.ഉ(സാധാ)നം1817/2020/തസ്വഭവ തിയതി 04-10-2020**

- അക്രഡിറ്റഡ് ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പുതുതായി എഗ്രിമെന്റ് വെച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 25-07-2017 ലെ സ.ഉ(അച്ചടി)നം.95/2017/ധന ഉത്തരവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 5% മുതൽ 10% വരെ സെന്റേജ് ചാർജ്ജ് അനുവദിക്കാവുന്നതാണ്.

### 2. Integrated Rural Technology Centre (IRTC)

### എ) Integrated Rural Technology Centre (IRTC) - നിലവിലുള്ള അക്രഡിറ്റേഷന്റെ കാലാവധി ദീർഘിപ്പിച്ചു

- **സ.ഉ(സാധാ)നം.2585/2021/തസ്വഭവ തിയതി 16-12-2021**

പുതിയ അക്രഡിറ്റേഷന്റെ അപേക്ഷയിൽ തീരുമാനമാകുന്നതുവരെ സ.ഉ(സാധാ)നം.2303/2015/തസ്വഭവ തിയതി 27-07-2015 പ്രകാരം നൽകിയിരുന്ന ഐ.ആർ.ടി.സിയുടെ അക്രഡിറ്റേഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകി.

### ബി) IRTC യുടെ അക്രഡിറ്റേഷൻ പുതുക്കി നൽകി

- **സ.ഉ(സാധാ)നം.1983/2022/തസ്വഭവ തിയതി 16-08-2022**

- IRTC യുടെ അക്രഡിറ്റേഷൻ, ഉത്തരവ് തിയതി മുതൽ മൂന്ന് വർഷത്തേക്ക് താഴെ പറയുന്ന മേഖലകളിലെ പ്രോജക്ടുകൾക്ക് ദീർഘിപ്പിച്ചു നൽകി.
- പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം.
- വൈദ്യുത ലൈൻ ഭൂപട നിർമ്മാണം
- നീർത്തട വികസനം
- മഴവെള്ള സംരക്ഷണം

- ഖരമാലിന്യ സംസ്കരണം-വിസർജ്ജ്യ മാലിന്യ സംസ്കരണം (Faecal Sludge Management)
- മലിനജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റുകൾ സ്ഥാപിക്കലും പരിപാലിക്കലും.

## സി) IRTC ക്ക് മുൻകൂർ നൽകൽ - സ്പഷ്ടീകരണം

- ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 21-02-2019 ലെ Ind&PW-B2/24/2019-Fin നം. കത്ത്

സർക്കാരിന്റെ പ്രവൃത്തികൾക്ക് അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് എന്നതുപോലെ[5] മുൻകൂർ അനുവദിക്കുന്നതിന് അനുമതി നൽകുകയും ആയത് ഐ.ആർ.ടി.സി യുടെ അക്രഡിറ്റേഷൻ ഉത്തരവിൽ ഉൾപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

## 3. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF)

### എ) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ (SEUF) അക്രഡിറ്റേഷൻ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾക്ക് അംഗീകാരം നൽകി

- **സ.ഉ(സാധാ)നം. 342/2022/തസ്വഭവ തിയതി 16-02-2022**

സ.ഉ(സാധാ)നം.760/2016/തസ്വഭവ തിയതി 24-02-2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല, ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുവാനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അക്രഡിറ്റേഷൻ നൽകിയിരുന്നു. ഈ ഉത്തരവിന്റെ പ്രാബല്യം അവസാനിച്ചതായും 16-2-2022 വരെയുള്ള കാലയളവിൽ അക്രഡിറ്റേഷൻ ഉണ്ടെന്നുള്ള ഉത്തമവിശ്വാസത്തിൽ ഏറ്റെടുത്തു നടത്തിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അപ്രകാരം പൂർത്തീകരിച്ച

---

[5] *സ.ഉ(പി)നം.67/2021/ഫിൻ തിയതി 28-04-2021 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖ. 13.3 ൽ മുൻകൂർ നൽകുന്നതിനുള്ള വ്യവസ്ഥ നൽകിയിട്ടുണ്ട്.*

പ്രവർത്തനങ്ങൾക്ക് SEUF ന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അംഗീകാരം നൽകി ഉത്തരവായി.

## ബി) സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ (SEUF) അക്രഡിറ്റേഷൻ കാലാവധി ദീർഘിപ്പിച്ചു

- **സ.ഉ(സാധാ)നം.1983/2022/തസ്വഭവ തിയതി 16-08-2022**

SEUF ന്റെ അക്രഡിറ്റേഷൻ ഉത്തരവ് തിയതി മുതൽ താഴെ പറയുന്ന മേഖലകളിൽ മൂന്ന് വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകി.

- കുടിവെള്ള - ശുചിത്വ മേഖലയിലെ പ്രോജക്ടുകൾ.
    - സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിന് ഈ അക്രഡിറ്റേഷൻ ബാധകമല്ല. ആയതിന് ധനകാര്യ വകുപ്പിന്റെ അക്രഡിറ്റേഷൻ ആവശ്യമാണ്.

## 4) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ അനുവദിച്ചു

- **സ.ഉ(സാധാ)നം.26/2022/തസ്വഭവ തിയതി 06-01-2022**

സുസ്ഥിര നഗര വികസനം, നഗര വികസന പദ്ധതിരേഖ തയ്യാറാക്കൽ, വികസന മാതൃകകൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്നീ മേഖലകളിൽ എൻ.ജി.ഒ നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മൂന്നു വർഷത്തേക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ അനുവദിച്ചു.

## 5) നൈപുണ്യ വികസന മേഖലയിൽ അക്കാദമി ഓഫ് മീഡിയ ആന്റ് ഡിസൈൻ എന്ന ഏജൻസിക്ക് അക്രഡിറ്റേഷൻ നൽകി

- **സ.ഉ(സാധാ)നം.457/2022/LSGD തിയതി 24-02-2022**

പാലക്കാട് ആസ്ഥാനമായതും എറണാകുളത്ത് ബ്രാഞ്ച് ഉള്ളതുമായ അക്കാദമി ഓഫ് മീഡിയ ആന്റ് ഡിസൈൻ എന്ന ഏജൻസിക്ക് മീഡിയ ആന്റ് ഡിസൈൻ രംഗത്ത് നൈപുണ്യ വികസനം നൽകുന്ന മേഖലയിൽ എൻ.ജി.ഒ നയത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മൂന്നു വർഷത്തേക്ക് അക്രഡിറ്റേഷൻ അനുവദിച്ചു.

## 6) വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് അക്രഡിറ്റേഷൻ

- **സ.ഉ(സാധാ)നം.2277/2021/തസ്വഭവ തിയതി 16-11-2021**

താഴെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുവേണ്ടി നിലവിലെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേക്ക് കൂടി അക്രഡിറ്റേഷൻ അനുവദിച്ചു.

- കൃഷി, ക്ഷീര മേഖല, മൃഗസംരക്ഷണ മേഖല, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം (പശു വളർത്തൽ, പാൽ ഉൽപ്പന്ന നിർമ്മാണം, പച്ചക്കറി കൃഷി, വളം നിർമ്മാണം), സേവനം.
- ജൈവവള-ജീവാണു നിയന്ത്രണ ഉപാധികളുടെ വിതരണം, കാപ്പി, കുരുമുളക് തൈ വിതരണം, ഫലവൃക്ഷ തൈ വിതരണം, മുട്ടക്കോഴി വിതരണം, കിണർ റീചാർജ്ജിംഗ് യൂണിറ്റ് നിർമ്മാണം, മണ്ണ്, ജല പരിശോധനാ ലാബ് പ്രവർത്തനം, ഹൈബ്രിഡ് പച്ചക്കറി തൈ വിതരണം
- സ.ഉ(സാധാ)നം.2738/2022/LSGD തിയതി 08-11-2022 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിത്ത് വിതരണം ചെയ്യുന്നതിനു കൂടി അനുമതി നൽകിയിട്ടുണ്ട്.

## 7) വിവിധ മേഖലകളിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ അക്രഡിറ്റേഷൻ ഉത്തരവ്

- **സ.ഉ(സാധാ)നം.2834/2019/തസ്വഭവ തിയതി 12-12-2019**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ **ടെണ്ടർ കൂടാതെ** ഏറ്റെടുത്തു നടത്തുവാൻ 3 വർഷത്തേക്ക് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകി.

| ക്രമ നം. | സ്ഥാപനം | അക്രഡിറ്റേഷൻ മേഖല |
|---|---|---|
| 1 | സഖി റിസോഴ്സ് സെന്റർ, തിരുവനന്തപുരം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടു ചേർന്ന് ലിംഗപദവി തുല്യത ഉറപ്പാക്കുന്ന മേഖലയിലെ പ്രവർത്തനങ്ങളും പിന്തുണാ പരിശീലനങ്ങളും നൽകുന്നതിന്. |

| | | |
|---|---|---|
| 2 | ഗ്രാമീണ പഠന കേന്ദ്രം, കരകുളം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജി.ഐ.എസ്/ജി.പി.എസ് സംവിധാന ങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുമായി ബന്ധ പ്പെട്ട മേഖലയിൽ. |
| 3 | The Regional Agro Industrial Development Co-operative of Kerala, Ltd. (RAIDCO), കണ്ണൂർ | മാലിന്യ സംസ്കരണത്തിനായി ബയോ ഗ്യാസ് പ്ലാന്റ്, കംപോസ്റ്റിംഗ് യൂണിറ്റ്, പൈപ്പ് കംപോസ്റ്റ്, ഇൻസിനറേറ്റർ, ഗ്യാസ് ക്രിമട്ടോറിയം, സാനിറ്ററി നാപ് കിൻ വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്ന തിനും. |
| 4 | INKEL | നിലവിൽ അനുവദിച്ചിട്ടുള്ള സിവിൽ പ്രവൃത്തികൾക്കു പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജവുമായി ബന്ധപ്പെട്ട ഉപക രണങ്ങളുടെ സ്ഥാപനം, അറ്റകുറ്റപ്പണി. |
| 5 | സെന്റർ ഫോർ സോഷ്യൽ റിസോ ഴ്സ് ഡവലപ്മെന്റ് | തൃശൂർ, കോട്ടയം ജില്ലകളിലെ മാത്രം ജി.ഐ.എസ് മാപ്പിംഗ്, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ. |
| 6 | സെന്റർ ഫോർ സോഷ്യോ ഇക്ക ണോമിക്സ് ആന്റ് എൻവയോൺമെന്റ ൽ സ്റ്റഡീസ് | ജി.ഐ.എസ് മാപ്പിംഗ്, വിജ്ഞാന വ്യാപനം, കാര്യശേഷി വികസനം, ഡി.പി.ആർ തയ്യാറാക്കൽ. |

- മേൽ ഉത്തരവിന്റെ കാലാവധി 11-12-2022 ന് അവസാനിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തിയതിനുശേഷം പുതുക്കിയ അക്രഡിറ്റേഷൻ ഉത്തരവ് പുറപ്പെടുവിക്കുമെന്ന് കരുതാവുന്നതാണ്.

- *ഏതാനും സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ ബന്ധപ്പെട്ട ഉത്തര വുകൾ മാത്രമാണ് ഇവിടെ ഉൾപ്പെടുത്തിട്ടുള്ളത്.*
- *പ്രവൃത്തി ഏൽപ്പിക്കുന്ന സമയത്ത് സ്ഥാപനത്തിന് സാധുവായ അക്രഡിറ്റേഷൻ ഉണ്ടെന്നും ഏറ്റെടുക്കുന്ന പ്രവൃത്തി നിർവ്വഹി ക്കുവാൻ സ്ഥാപനത്തിന് അർഹതയുണ്ടെന്നും ഉറപ്പാക്കേണ്ട താണ്.*

നന്ദി...

കെ.എസ്.എ.ഡി യിലെ ഓഡിറ്റ് ഓഫീസർമാരായ
ശ്രീമതി.സുസ്മിത.കെ.വി,
ശ്രീ.അജിമോൻ.പി.പി എന്നിവർക്ക്.

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110
cscholayilttm@gmail.com

**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം**
**ഭാഗം-II-രണ്ടാം പതിപ്പ്**

തത്തമംഗലം,
22-01-2023

# കുറിപ്പുകൾ